സ്വാമി ശരണം

**ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1199–ലെ (2023 –2024) വിവിധ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് നാളികേരം,വെടി,കടമുറികൾ,ഭക്ഷണശാലകൾ, ശൗചാലയങ്ങൾ തുടങ്ങി വിവിധ ഇനങ്ങളുടെ റീ ഇ–ടെൻഡർ.**

**(2023 നവംബർ 11 മുതൽ 2024 ഒക്ടോബർ 31 വരെയുള്ളകാലയളവിലേയ്ക്ക്)**

## പൊതുനിബന്ധനകൾ

## (DB ROC. 04/23/ശബ (കുത്തക) Dated 07/08/2023)
## (DB ROC. 04/23/ശബ (കുത്തക) Dated 21/09/2023)

# പൊതുനിബന്ധന

1. ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1199–ലെ (2023 – 2024) ലെ മണ്ഡലം–മകരവിളക്ക്, മേടവിഷു, മാസപൂജ, മറ്റ് ഉത്സവങ്ങൾ എന്നിവ പ്രമാണിച്ച് ശബരിമല, പമ്പ , നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലെ കുത്തക ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എ, ബി, സി കാറ്റഗറിയിൽ ഉൾപ്പെട്ട ലേലങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള അവകാശം ഇ-ടെന്റർ മുഖന്തിരം അനുവദിക്കുന്നതാണ്. ടെന്റർ തുക കുത്തക വിവര സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ക്വാട്ട് ചെയ്യേണ്ട മിനിമം റേറ്റിനെക്കാൾ കുറവാണെങ്കിൽ ടി ടെൻഡർ നിരാകരിക്കുന്നതും, ടെൻഡറിനോടൊപ്പം ഹാജരാക്കിയിട്ടുള്ള നിരതദ്രവ്യം ബോർഡിലേയ്ക്ക് മുതൽകൂട്ടി വീണ്ടും ടെൻഡർ ചെയ്യുന്നതുമായിരിക്കും. ടെൻഡർ ഹാജരാക്കുന്നവർ നിരതദ്രവ്യമായി ഓരോ ഇനത്തിനും നേരെ രേഖപ്പെടുത്തിയിട്ടുള്ള തുക ഓൺലൈനായി അടയ്ക്കേണ്ടതാണ്.ടെന്റർ ഇനങ്ങളുടെ വിശദവിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റായ **www.Travancore devaswom board .org** എന്ന സൈറ്റിൽ ലഭ്യമാണ്.

2. ടെൻഡറിൽ പങ്കെടുക്കുന്നവർ **http:/etenders.kerala.gov.in** എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ **SIFY/TCS/ncode** തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി. കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം / ഷെഡ് / കെട്ടിടം നേരിട്ട് ബോദ്ധ്യപ്പെട്ടശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.

3. ടെൻഡറിൽ പങ്കെടുക്കുന്നവർ 1,500/- രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരേയും, സാധാരണ വ്യവസ്ഥകളനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാത്തവരേയും ടെന്ററിൽ ചേരാൻ അനുവദിക്കുന്നതല്ല. മേൽപറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ

ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻകൂടിശ്ശികക്കാരേയും, ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. ഓപ്പൺ ലേലം നടക്കുന്നവേളയിൽ ലേലഹാളിൽ പ്രവേശിച്ച് ലേലത്തിൽ പങ്കെടുക്കുന്നതിന് കുത്തക ഷെഡ്യൂളിൽ ഓരോ ഇനങ്ങളുടെ നേരെ രേഖപ്പെടുത്തിയിട്ടുള്ള നിരതദ്രവ്യ തുകകൾ (അടിസ്ഥാനലേല തുകയുടെ പത്ത്ശതമാനം) കെട്ടി വെയ്ക്കേണ്ടതും, ലേലഹാളിൽ ലേലം കൊള്ളാത്തവരുടെ തുക അന്നേ ദിവസത്തെ ലേല നടപടികൾ പൂർണ്ണമായി കഴിയുന്ന മുറയ്ക്ക് തിരികെ നൽകുന്നതുമായിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

4. മിനിമം ക്വാട്ടുചെയ്യേണ്ട തുക മാനദണ്ഡമാക്കി ലേലത്തുകകളിൽ **25** ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവയെ 'എ' കാറ്റഗറിയായും, **10** ലക്ഷം രൂപയ്ക്ക് മുകളിൽ **25** ലക്ഷം രൂപാ—വരെ 'ബി' കാറ്റഗറിയായും,**10** ലക്ഷം രൂപവരെയുള്ളവയെ'സി' കാറ്റഗറിയായും കുത്തക ഇനങ്ങളെ മൂന്നായി തരംതിരിച്ചിട്ടുള്ളതാണ്.

**<u>ഓരോ കാറ്റഗറിയിലുമുള്ള ഐറ്റങ്ങളുടെ ലേല തുക അടയ്ക്കേണ്ട വിവരം ചുവടെ ചേർക്കുന്നു.</u>**

| കാറ്റഗറി | **EMD** | 1–ാം ഗഡു | 2–ാം ഗഡു |
|---|---|---|---|
| | ടെൻഡറിനൊപ്പം | 2023 നവംബർ 15 നകം | 2023 നവംബർ 30 നകം |
| **A** | **-do-** | **50 %** | **50 %** |
| **B** | **-do-** | **100%** | ***Nil*** |
| **C** | **-do-** | **100%** | ***Nil*** |

ലേലത്തുകയുടെ 18 ശതമാനം ജി.എസ്.ടി. തുക ഒന്നാകെ ആദ്യഗഡുവിന്റെ കൂടെ ഒടുക്കുവരുത്തേണ്ടതാണ്.
പമ്പ – പ്ലാപ്പള്ളി റൂട്ടിലുള്ള മുഴുവൻ കടകൾക്കും കാറ്റഗറി വ്യത്യാസമില്ലാതെ ലേലത്തുക ഒന്നായി അടയ്ക്കേണ്ടതാണ്..

5. കുത്തക എടുക്കുന്നയാൾ കുത്തകകാരന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് മാത്രമേ **RTGS , NEFT , DD** മറ്റ് വിധത്തിലുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി കുത്തക തുക ഒടുക്കുവരുത്തുവാൻ പാടുള്ളു.ഇതിനു വിരുദ്ധമായി മറ്റാരുടെയെങ്കിലും അക്കൗണ്ടുവഴി തുക അടയ്ക്കുന്ന പക്ഷം ടി തുക കുത്തക തുകയായി ഒരു കാരണവശാലും കണക്കാക്കുകയില്ല.

*തുക ഒടുക്ക് വരുത്തുന്ന സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.*

| | | |
|---|---|---|
| ***Account No*** | : | ***012600100000019*** |
| ***Customer Name*** | : | ***M/S. DEVASWOM ACCOUNTS OFFICER*** |
| ***Bank*** | : | ***DHANLAXMI BANK LTD.*** |
| ***IFSC Code*** | : | ***DLXB0000275*** |
| ***Branch*** | : | ***NANTHANCODE, TRIVANDRUM*** |

6 ഓരോ ഇനത്തിന്റേയും ടെൻഡ റുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്നപക്ഷം കുത്തകക്കാരന്റെ നിരതദ്രവ്യം ഒഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിതന്നെ അവരവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്.

7 ഇ-ടെൻഡർ സമർപ്പിക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്,ഫോൺ നമ്പർ, കുത്തകക്കാരന്റെ മുൻ വർഷത്തെ (2022-23-AY/PY) ഇൻകംടാക്സ് റിട്ടേൺസ് വിവരങ്ങൾ എന്നിവ സമർപ്പിക്കേണ്ടതാണ്. എ , ബി കാറ്റഗറികളിലെ ഇന ങ്ങൾക്ക് (ലേലത്തുക 20 ലക്ഷത്തിന് മുകളിലുള്ളവ) കുത്തക ഏറ്റെടുക്കുന്നവർ ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതും ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ നിർബന്ധമായും ഇ-ടെന്ററിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര് സാക്ഷ്യപ്പെടു ത്തുന്ന തിരിച്ചറിയൽ രേഖ തന്നെ ഇ-ടെന്ററിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. (5 ലക്ഷം രൂപ വരെ ലേലം കൊള്ളുന്ന വ്യക്തിക്ക് ഇൻകം ടാക്സ് റിട്ടേൺസ് നിർബന്ധമല്ല.)

8 കുത്തകക്കാരൻ ഇ-ടെന്റർ / ഓപ്പൺ ടെന്റർ / എന്നീ ലേല ദിവസങ്ങളിൽ ഹാജ രായി കുത്തകത്തുകയുടെ ഖണ്ഡിക നാലിൽ പരാമർശിക്കുന്ന ക്രമം ആദ്യ ഗഡുതുക നിശ്ചിത സമയപരിധിയ്ക്കകം (5 ദിവസത്തിനകം) ഒടുക്കുവരുത്തി കുത്തക അവകാശം നേടേണ്ടതും കാറ്റഗറി അനുസരിച്ച് ശേഷിക്കുന്ന തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.അല്ലാത്ത പക്ഷം തുടർന്നുള്ള ഗഡുക്കൾ നിശ്ചിത സമയപരിധിയ്ക്കകം ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷവും, ടെൻഡറുകൾ റദ്ദു ചെയ്ത് കുത്തകകൾ ഡിപ്പാർട്ട്മെന്റ് യുക്തം പോലെ റീ-ടെൻഡർ ചെയ്യുന്നതും ആയതിലൂടെ ഡിപ്പാർട്ട്മെന്റിന് ഏതെങ്കിലും വിധത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ കുത്തകകാരന്റെ സ്ഥാപന ജംഗമ വസ്തുക്കളിൽ നിന്നും നിയമ നടപടികളിലൂടെ ഈടാക്കി എടുക്കുന്നതുമായിരിക്കും.എന്നാൽ സി കാറ്റഗറിയിൽപ്പെട്ട ഇനങ്ങൾക്ക് ലേലതുക ഒന്നാകെ ഒടുക്കുവരുത്തണമെന്നാകയാൽ ടി കാറ്റഗറിയെ ബാങ്ക് ഗ്യാരന്റി ഹാജരാക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയി ട്ടുള്ളതും കൂടാതെ ഏതു കാറ്റഗറിയിൽപ്പെട്ടവരും ലേലദിവസം തന്നെ മുഴുവൻ ലേലതുകയും രൊക്കമായി അടക്കാൻ തയ്യാറാകുന്ന പക്ഷം അവരെയും ബാങ്ക് ഗ്യാരന്റി ഹാജരാക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്നതാണ്.

9 ബന്ധപ്പെട്ട കുത്തക ഇനങ്ങൾക്ക് ടെന്റർ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന കുത്തക ക്കാർ ഖണ്ഡിക 7 പ്രകാരമുള്ള രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതും കൂടാതെ സ്വന്തം പേരിൽ വസ്തു കരം അടച്ചതിന്റെ രസീതും, കൈവശഅവ കാശ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതും ആയത് ദേവസ്വം ടെന്റർ ഇവാലുവേ ഷൻ കമ്മിറ്റി പരിശോധിച്ച് ടെൻഡർ സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്ര കാരം കുത്തകാനുവാദം ലഭിച്ച് കൃത്യം പത്ത് ദിവസത്തിനകം,നിയമാനുസൃതം മുദ്രപ്പത്രത്തിൽ, ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ ഉടമ്പടിവച്ച് കുത്തക നടത്തേണ്ടതുമാകുന്നു.

10 കുത്തക ഏറ്റെടുക്കുമ്പോൾ ലേലതുകയ്ക്ക് ആനുപാതികമായി സോൾവൻസിയും ആവശ്യമായ ബാങ്ക് ഗ്യാരണ്ടിയും (കുത്തക സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം ഖണ്ഡിക എട്ടിലെ പരാമർശപ്രകാരമുള്ള ശേഷിക്കുന്ന തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി അംഗീകൃത ബാങ്കിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി എക്സിക്യൂട്ടീവ് ആഫീസറുടെ പേരിൽ) കുത്തകക്കാരന്റെ സ്വന്തം പേരിൽ വസ്തുകരം അടച്ചതിന്റെ രസീതും, കൈവശ അവകാശ സർട്ടിഫിക്കറ്റും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ആയതിൽ വീഴ്ചവരുത്തുന്നപക്ഷം ടെൻഡറുകൾ റദ്ദു ചെയ്ത് കുത്തകകൾ

ഡിപ്പാർട്ട്മെന്റ് യുക്തം പോലെ റീ- ടെൻഡർ ചെയ്യുന്നതും ആയതിലൂടെ ഡിപ്പാർട്ട്മെന്റിന് ഏതെങ്കിലും വിധത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ കുത്തക കാരന്റെ സ്ഥാപന ജംഗമ വസ്തുക്കളിൽ നിന്നും നിയമ നടപടികളിലൂടെ ഈടാക്കി എടുക്കുന്നതുമായിരിക്കും.

11 മേൽ വിവരിച്ച പ്രകാരം കുത്തക അനുവാദം തെര്യപ്പെടുത്തുന്ന മുറയ്ക്ക് അതാത് കക്ഷികൾ ഹാജരായി മേൽ വിവരിച്ച വ്യവസ്ഥപ്രകാരം തുക അടച്ച് മുറ പ്രകാരമുളള രസീത് വാങ്ങാതെയോ, ഉടമ്പടിവയ്ക്കാതെയോ, വീഴ്ചവരുത്തുന്ന തായാൽ കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ സ്പെഷ്യൽ നിബന്ധന (VIൽ) 5 -ാം വകുപ്പിൽ ചേർത്തിട്ടുളള പ്രകാരം റീ-ടെൻഡർ നടത്തിയോ ഡിപ്പാർട്ട്മെന്റിന് യുക്തമെന്നു തോന്നുന്ന മറ്റു വിധത്തിലോ കുത്തകയ്ക്ക് ആളെ ഏർപ്പെടുത്തി കുത്തക നടത്തിക്കുന്നതിനും അതുവരെ അടച്ചിട്ടുളള തുക പ്രായ ശ്ചിത്തമായി ഡിപ്പാർട്ട്മെന്റിന് മുതൽ കൂട്ടുന്നതും ഇതിൽ കക്ഷിക്ക് പരാതിപ്പെ ടാൻ അവകാശമില്ലാത്തതും ആകുന്നു. ആവർത്തന ടെൻഡർ നടത്തുന്നതുമൂലം ഡിപ്പാർട്ട്മെന്റിന് ലാഭം ഉണ്ടായാൽ കരാറുകാരന് ആയതിന് അവകാശം ഇല്ലാ ത്തതും വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി മേലിലു ളള ലേലങ്ങളിൽ പങ്കെടുക്കുന്നതിന് അയോഗ്യത കൽപ്പിക്കുന്നതുമാണ്.

12 മേൽ 4 വകുപ്പിൽ വിവരിക്കുന്ന പ്രകാരം കൊല്ലവർഷം 1199 -ലെ കുത്തകയ്ക്ക് ഓരോ കാറ്റഗറിയിലും നിശ്ചയിച്ചിട്ടുളള തീയതിയ്ക്ക് മുൻപായി മുഴുവൻ കുത്തക തുകയും അടയ്ക്കാതെ വീഴ്ച വരുത്തുന്ന ടെൻഡറുകാരന്റെ കുത്തക റദ്ദ് ചെയ്ത് യുക്തമെന്നു തോന്നുന്ന മറ്റു പ്രകാരത്തിലോ ആവർത്തന ടെൻഡർ നടത്തി ആളേർപ്പെടുത്തിയോ, നേരിട്ടോ കുത്തക നടത്തുന്നതുമാണ് അതിൽവച്ചു ണ്ടാകുന്ന നഷ്ടത്തിന് ആദ്യടെൻഡറുകാരൻ ഉത്തരവാദിയാകുന്നതും ലാഭമു ണ്ടായാൽ ആയതിലേക്ക് ടിയാന് അവകാശമില്ലാത്തതുമാണ്..

13 നിശ്ചിത തീയതിയ്ക്കകം കുത്തക തുകകൾ അടച്ചു തീർക്കാതെ വീഴ്ച വരുത്തു ന്നവരുടെ കുടിശ്ശിക തുകകൾക്ക് കുത്തകതുകയുടെ ഗഡു അടയ്ക്കേണ്ട അവ സാന തീയതി മുതൽ 18 ശതമാനം പലിശ സഹിതം ഈടാക്കുന്നതാണ്. ഇതിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ ഡിപ്പാർട്ടുമെന്റിനുണ്ടാകുന്ന എല്ലാവിധ കഷ്ടന ഷ്ടങ്ങളും ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

14 ടെൻഡർ അവസാനിപ്പിച്ചതിന് ശേഷമോ/കുത്തക അനുവദിച്ചതിന് ശേഷമോ/ ടെന്റർ സ്വീകരിച്ചതിന് ശേഷമോ/ഉടമ്പടി വച്ചതിന് ശേഷമോ ടെന്ററുകാ രൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു പിൻമാറുന്നതായാൽ ടിയാൻ വച്ചിട്ടു ളള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽകൂട്ടു ന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.

15 കുത്തകക്കാരൻ/ടെന്റർകാരൻ ഏതെങ്കിലും പ്രകാരത്തിൽ കുത്തക മുടക്കുന്നതു മൂലം ഡിപ്പാർട്ട്മെന്റിന് ഏതെങ്കിലും വിധത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുളള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്ക ളിൽനിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാ ശവും ഉണ്ടായിരിക്കുന്നതാണ്.

16 യുക്തമെന്നു തോന്നുന്നപക്ഷം മേൽ വിവരിച്ച കുത്തകയുടെ ടെന്റർ, നിറുത്തിവ യ്ക്കുന്നതിന്ടെന്റർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർകാർക്ക് അവകാശമില്ലാത്തതുമാണ്.

17 കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറ്റുന്നതിനോ, കീഴ്കുത്തകയ്ക്ക് കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതും മേൽ വിവരിച്ച

പ്രകാരം കുത്തക കൈമാറുകയോ കീഴ് വാടകയ്ക്ക് നൽകുകയോ ചെയ്യുന്ന പക്ഷം കുത്തക റദ്ദ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും

18 ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

19 കൊല്ലവർഷം 1199 –ലെ മേൽവിവരിച്ചകുത്തകകൾ നടത്തുന്നതിനുള്ള കാലം മണ്ഡലപൂജ സംബന്ധിച്ച് വൃശ്ചികം ഒന്നാം തീയതി മുതൽ 41 ദിവസവും, മകര വിളക്ക് സംബന്ധിച്ച് ധനു 15 –ാം തീയതി മുതൽ മകരം 6 –ാം തീയതിവരെയും, മേടവിഷു സംബന്ധിച്ച് മീനം 26 –ാം തീയതി മുതൽ മേടം 5 –ാം തീയതിവ രെയും ആയിരിക്കുന്നതാണ്. കുത്തക ഷെഡ്യൂളിൽ അതാതിന് നേരെ കരാർ കാലാവധി ചേർത്തിട്ടുണ്ട്. അതിൽ മണ്ഡലം, മകരവിളക്ക് എന്നതിന് മണ്ഡല ത്തിന് നടതുറക്കുന്ന ദിവസം മുതൽ മകരവിളക്കു കഴിഞ്ഞു നട അടയ്ക്കുന്നതു വരെയും, വിഷു കൂടി ചേർത്തിട്ടുള്ളവയക്ക് മേൽ പറഞ്ഞതു കൂടാതെ മേടവിഷു വിന് നടതുറക്കുന്ന ദിവസം മുതൽ മേടവിഷു കഴിഞ്ഞു നട അടയ്ക്കുന്നതുവ രെയും ഒരു വർഷം എന്ന കാലാവധി ഉള്ളവർക്ക് കൊല്ലവർഷം 1199 – ൽ മണ്ഡ ലത്തിന് നടതുറക്കുന്ന ദിവസം മുതൽ കൊല്ലവർഷം 1200 –ലെ തുലാം മാസപൂജ കഴിഞ്ഞ് നട അടയ്ക്കുന്നതുവരെയും ആയിരിക്കും കാലാവധി.

20 കുത്തകക്കാരൻ നിർബന്ധമായും കുത്തകക്കാരന്റെ പേര്, വിലാസം, ആധാർ നമ്പർ , മൊബൈൽ നമ്പർ, കുത്തക ക്രമനമ്പർ, ഇനം എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾകുത്തകക്കാരന്റെ സ്ഥാപനത്തിന് മുന്നിൽ പ്രദർശിപ്പിക്കേണ്ടതാണ്.

21 പരസ്യത്തിലെ എല്ലാ കുത്തകൾക്കുമുള്ള സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി കഴിഞ്ഞ് ആക്ഷേപങ്ങളൊന്നുമില്ലാത്തപക്ഷം തിരികെ കൊടുക്കുന്ന താണ്. എല്ലാ ഐറ്റങ്ങൾക്കും സെക്യൂരിറ്റി തുക നിശ്ചയിച്ചിട്ടുള്ളത് കുത്തകവിവ രത്തിൽ അതാത് ഐറ്റത്തിന് നേരെ ചേർത്തിട്ടുള്ളതാണ്.

**22** **ക്ലീനിംഗ്, ബിൽഡിംഗ് സെക്യൂരിറ്റിയിനങ്ങളിൽ അടയ്ക്കേണ്ട തുകയുടെ വിവരം ചുവടെ വിവരിക്കും പ്രകാരമാണ്.**

| ക്ളീനിങ്ങ് സെക്യൂരിറ്റി | | |
|---|---|---|
| കാറ്റഗറി | തുക രൂപ | റിമാർക്സ് |
| A | 50,000 | ശബരി ഗസ്റ്റ്ഹൗസിലേയ്ക്ക് 1,00,000/- രൂപ |
| B | 30,000 | |
| C | 20,000 | |

കുത്തക കാലാവധി കഴിഞ്ഞ് അഞ്ച് ദിവസങ്ങൾക്കകം കട പൊളിച്ചുമാറ്റേണ്ടതുള്ള പക്ഷം പൊളിച്ചു മാറ്റി പരിസരം വൃത്തിയാക്കി ആയതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സർട്ടിഫിക്കറ്റും തുക അടച്ചതിന്റെ ചെല്ലാനും ഹാജരാക്കി സെക്യൂരിറ്റി റീ-ഫണ്ട് വൗച്ചർ ഒപ്പിട്ടു നൽകേണ്ടതാണ്. അഞ്ച് ദിവസത്തിനകം അപ്രകാരം നടപടി സ്വീകരിക്കാത്ത പക്ഷം ബിൽഡിംഗ് സെക്യൂരിറ്റി, ക്ളീനിങ്ങ് സെക്യൂരിറ്റി എന്നീ ഇനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകൾ ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതാണ്.

| ബിൽഡിംഗ് സെക്യൂരിറ്റി | | | |
|---|---|---|---|
| ഐറ്റം | ശബരിമല | പമ്പ | നിലയ്ക്കൽ |
| ഭക്ഷണശാല | 2,50,000 | 1,50,000 | 1,00,000 |
| ലഘു ഭക്ഷണ ശാല | 1,00,000 | 50,000 | 25,000 |
| സ്റ്റാൾ | 25,000 | 15,000 | 10,000 |
| എസ്.റ്റി.ഡി ബുത്ത് | 5,000 | 5,000 | 5,000 |

കുത്തക കാലാവധി കഴിഞ്ഞ് 5 ദിവസത്തിനകം കട ഒഴിഞ്ഞു മാറി/താൽക്കാലിക ഷെഡ് പൊളിച്ചു മാറ്റിയ ശേഷം ഡിപ്പാർട്ടുമെന്റിന് നഷ്ടം ഒന്നും വരുത്തിയിട്ടില്ലായെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുകളിൽ വിവരിച്ചിട്ടുള്ള ക്രമത്തിൽ സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. കുത്തക കാലാവധി കഴിഞ്ഞ് 5 ദിവസത്തിനകം കട ഒഴിഞ്ഞു മാറി താക്കോൽ ഏൽപ്പിക്കാത്ത പക്ഷം കടയ്ക്കുള്ളിലുള്ള വകകൾ മഹസ്സർ പ്രകാരം കണ്ട് കെട്ടി ദേവസ്വത്തിലേയ്ക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

23 നാളീകേര കുത്തക ഏൽക്കുന്ന കോൺട്രാക്ടർ ഉപയോഗിക്കുന്ന ഡിപ്പാർട്ട്മെന്റ് സംവിധാനങ്ങൾക്ക് കുത്തക തുകയ്ക്കു പുറമെ നിശ്ചയിക്കുന്ന വാടക നൽകേണ്ടതാണ്.

24 ഓരോ കുത്തക ഐറ്റത്തിനും കുത്തകക്കാരന്റെ സ്വന്തം ചെലവിൽ അവരവരുടെ വകകൾക്ക് മതിയായ തുകയ്ക്ക് ഇൻഷ്വറൻസ് എടുത്തിരിക്കേണ്ടതും. തീപിടുത്തം, മഹാമാരി വ്യാപനം, പ്രളയം, മറ്റു പ്രകൃതി ദുരന്തങ്ങൾ/ അപകടങ്ങൾ എന്നിവ മൂലം കഷ്ട നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ദേവസ്വം ഡിപ്പാർട്ട്മെന്റിന് യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

25 ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിൽ പ്ലാസ്റ്റിക്ക് നിരോധിച്ചിട്ടുള്ളതിനാൽ യാതൊരു കാരണവശാലും ആഹാര പദാർത്ഥങ്ങൾ,പൂജ സാധനങ്ങൾ എന്നിവ പ്ലാസ്റ്റിക്ക് കവറിലോ, പേപ്പറിലോ നൽകുവാൻ പാടില്ലാത്തതാണ്.

26 കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്ന കുത്തകക്കാർ നിയമാനുസരണം ഉടമ്പടിവെച്ച് അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ കിട്ടുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോദ്ധ്യപ്പെട്ട് ഏറ്റുവാങ്ങിയിരിക്കേണ്ടതും അവരവരുടെ കരാർ കാലാവധി കഴിഞ്ഞ് അഞ്ച് ദിവസത്തിനകം കരാറുകാരന്റെ സാധനസാമഗ്രികളും മറ്റും ഒഴിച്ച് സ്ഥലവും പരിസരവും വൃത്തിയാക്കി ദേവസ്വം മരാമത്ത് ഉദ്യോഗസ്ഥനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

27 കുത്തകകൾക്ക് അളവുകൾ പറഞ്ഞിട്ടുളളത് അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലമാണ്. ഇതിൽ കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിനും സ്ഥലം കൈവശം വയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.

28 കുത്തക നടത്തിപ്പിന് ദേവസ്വത്തിൽനിന്ന് സ്ഥലം ആവശ്യമായ എല്ലാ കുത്തകക്കാരും (നാളികേരം, തറ, കടകൾ തുടങ്ങിയവയെല്ലാം) അവരവരുടെ പ്രവർത്തന മേഖലയും, പരിസരവും സ്വന്തം ചെലവിൽ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്. ആയത് ബന്ധപെട്ട പൊതുജനാരോഗ്യം/ദേവസ്വം ബോർഡ് ഉദ്യോഗസ്ഥന്മാർ സന്ദർശിച്ച് ബോദ്ധ്യപ്പെടുന്നതും, അവരുടെ അതാത് സമയത്തുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതുമാണ്.

29 കുത്തകക്കാരന് തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ്‌വസ്തുക്കൾ, ചപ്പുചവറുകൾ മറ്റ് മാലിന്യങ്ങൾ മുതലായവ ശേഖരിക്കാൻ ആവശ്യമായ ചവറു വീപ്പകൾ സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കേണ്ടതും, കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിൽ ബയോ ഡീ ഗ്രേഡബിൾ ഐറ്റങ്ങളും, പ്ലാസ്റ്റിക് ഐറ്റങ്ങളും

പ്രത്യേകം പ്രത്യേകം തരംതിരിച്ച് സമയാസമയങ്ങളിൽ പൊതു ശുചീകരണ പ്രവർത്തകരുടെ വാഹനത്തിൽ എത്തിച്ചിരിക്കേണ്ടതുമാണ്.

30 നാളീകേരം, ഹോട്ടൽ, സ്റ്റാൾ മുതലായവയുടെ കുത്തക നടത്തുന്നവർ അവിടെ യുണ്ടാകുന്ന മലിനജലം സംഭരിക്കത്തക്കവിധം ഒരു ടാങ്ക് നീർവീഴ്ച്ചയില്ലാത്ത വിധം സ്ഥാപിച്ചിരിക്കേണ്ടതും ആയത് ദൈനംദിനം കോരിമാറ്റി വൃത്തിയാക്കി അണുനാശിനികൾ ഉപയോഗിച്ച് അണുവിമുക്തമാക്കേണ്ടതുതാണ്.മണ്ണിൽ ലയിച്ചു ചേരുന്നതും അല്ലാത്തതുമായ മാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം ടാങ്കിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഖരമാലിന്യങ്ങൾ സംഭരിച്ച് എല്ലാദിവ സവും കുത്തകക്കാരന്റെ ചെലവിൽ ഇൻസിനേറ്ററിൽ എത്തിക്കേണ്ടതുമാണ്.

31 കുത്തക നടത്തുന്നതിന് ദേവസ്വത്തിൽനിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം, ഏൽപ്പിക്കുന്ന അതേ സ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലയിൽ നിന്നും മാറ്റം അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽനിന്നും മുൻകൂർ അനു വാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധിക്കുശേഷം ഡിപ്പാർട്ട്മെന്റിൽനിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരി ച്ചേൽപ്പിക്കേണ്ടതുമാണ്.

32 ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലെ പ്രസാദങ്ങളോ, അവയുടെ അനുകരണങ്ങളോ, അയ്യപ്പചക്രമോ, സ്വർണ്ണം വെള്ളി ലോക്കറ്റുകളോ അതിന്റെ അനുകരണങ്ങളോ ഒരു കാരാറുകാരനും ഉണ്ടാക്കുവാനോ, സംഭരിക്കുവാനോ, വിൽപ്പന നടത്തുവാനോ പാടില്ലാത്തതാണ്.ശബരിമല, പമ്പ, നിലയ്ക്കൽ എന്നി വിടങ്ങളിലെ സ്റ്റാളുകളിലോ,സ്റ്റാൾ,ബുക്ക് സ്റ്റാൾ തുടങ്ങിയ മറ്റു കുത്തകളിലും യാതൊരു കാരണവശാലും ഡയറി,കലണ്ടർ,ദേവസ്വം പ്രസിദ്ധീകരണങ്ങളുടെ അനുകരണങ്ങളായ പ്രസിദ്ധീകരണങ്ങൾ യാതൊരു കാരണ വശാലും വിൽപ്പന നടത്തുവാൻ പാടില്ലാത്തതാണ്. കൂടാതെ ദേവസ്വത്തിലെ വഴിപാടുകളെ ബാധി ക്കുന്നതോ, റവന്യൂവിനെ ബാധിക്കുന്നതോ ആയ യാതൊരു ബിസിനസ്സും കുത്തകകാർ നടത്തുവാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ദേവ സ്വം ഉദ്യോഗസ്ഥരുടെ സമയാസമയങ്ങളിലെ നിർദേശങ്ങൾ പാലിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും.വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതും കുത്തക റദ്ദ് ചെയ്യുന്നതുൾപ്പെടെ യുള്ള യുക്തമായ നടപടി കൈക്കൊള്ളുന്നതിന് ബോർഡിന് പരമാധികാരം ഉണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപെടുവാൻ കുത്തകകാരന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

33 കുത്തകക്കാരൻ വനത്തിൽ നിന്നും വിറക്, കഴകൾ, മറ്റ് വനവിഭവങ്ങൾ എന്നിവ യാതൊരു കാരണവശാലും ശേഖരിക്കുവാൻ പാടില്ലാത്തതും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വച്ചു പിടിപ്പിച്ചതോ അല്ലാത്തതോ ആയ ചെടി,തൈകൾ, മരതൈ കൾ നശിപ്പിക്കുവാൻ പാടില്ലാത്തതും ആയവ സംരക്ഷിക്കേണ്ടതുമാണ്. വീഴ്ചവ രുത്തുന്നവർക്കെതിരേ നിലവിലുള്ള നിയമാനുസരണമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

34 കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരുടെ കുത്തകകൾ അപ്പോൾത്തന്നെ അവസാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാ രവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.

35 ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളും പരിസരങ്ങളും മാലിന്യവിമുക്തമാ ക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കുത്തക ക്കാർ പ്രവർത്തിക്കേണ്ടതാണ്.

36 കുത്തകക്കാർ യാതൊരുവിധ പരസ്യങ്ങളും പതിക്കുവാനോ പ്രദർശിപ്പിക്കുവാനോ പാടില്ലാത്തതാണ്.

37 ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാദ്ധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെയും, ദേവസ്വത്തിന് ഹാനികരമായ എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നവരുടേയും കുത്തകകൾ മുന്നറിയിപ്പ് കൂടാതെ താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

38 കച്ചവടസ്ഥാപനങ്ങളിലോ/ലാട്രിൻകോംപ്ലക്സുകളിലോ/വിരിഷെഡ്ഡുകളിലോ, ശബരിമല, പമ്പ, നിലയ്ക്കൽ പരിസരങ്ങളിലോ നിരോധിക്കപ്പെട്ടിട്ടുള്ള ലഹരിപദാർത്ഥങ്ങൾ, പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽക്കുന്നതോ, സ്വീകരിക്കുന്നതോ, കൈമാറ്റം ചെയ്യുന്നതോ കർശനമായി നിരോധിച്ചിരിക്കുന്നു. ഇതിന് വിപരീതമായി ഏതെങ്കിലും കുത്തകക്കാരനോ, സഹായികളോ (ബന്ധപ്പെട്ടവരോ) പ്രവർത്തിക്കുന്നപക്ഷം അതിൽവച്ചുണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും, നിയമ നടപടികൾക്കും കുത്തകക്കാർ ഉത്തരവാദികളായിരിക്കുന്നതാണ്.

39 കുത്തകകാർ ഏറ്റെടുക്കുന്ന കുത്തകകളിൽ വാട്ടർ കണക്ഷൻ ആവശ്യമുള്ള പക്ഷം ആയത് കുത്തകകാരന്റെ പരിപൂർണ്ണമായ ചിലവിൽ(വാട്ടർ കണക്ഷൻ എടുക്കുന്നതിനാവശ്യമായ ചിലവുകൾ)എടുക്കേണ്ടതും അതാത് കുത്തകകൾക്ക് മുൻ വർഷം വാട്ടർ ചാർജ് ഇനത്തിൽ ഒടുക്ക് വരുത്തിയ തുക മുൻകൂറായി അടയ്ക്കേണ്ടതും ശേഷിക്കുന്ന തുക മീറ്റർ റീഡിംങ്ങിന് ആനുപാതികമായി ഒടുക്ക് വരുത്തേണ്ടതുമാകുന്നു.

40 ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന പരിധിയിൽ അധികം എണ്ണം ഗ്യാസ് സിലിണ്ടറുകൾ കടകളിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതാണ്.

41 സ്റ്റാളുകളിലും ഹോട്ടലുകളിലും അനധികൃതമായി ഡീസൽ സൂക്ഷിക്കാൻ പാടില്ലാത്തതാണ്.

42 സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.കടകൾ/സ്റ്റാളുകൾ/കൗണ്ടറുകൾ എന്നിവയുടെ മേൽ കൂരകൾ ജി.ഐ ഷീറ്റുകൾ ഉപയോഗിച്ച് ഇടേണ്ടതാണ്. യാതൊരു കാരണവശാലും ഓലയോ പ്ലാസ്റ്റിക്ക് പടുതകളോ അതുപോലുള്ള മറ്റ് സാധനങ്ങളോ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

43 പ്ലാസ്റ്റിക് സാധനങ്ങളും, തീർത്ഥാടനവുമായി ബന്ധമില്ലാത്ത സാധനങ്ങളും വിൽപ്പന നടത്തുന്നത് കർശനമായി നിരോധിച്ചിട്ടുള്ളതാണ്.

44 ആഹാര സാധനങ്ങൾ ദേവസ്വം ബോർഡോ, ജില്ലാ കളക്ടറോ തീരുമാനിക്കുന്ന വിലയിൽ കൂടുതലായി ഈടാക്കി വിൽപ്പന നടത്താൻ പാടില്ല. ഭക്തജനങ്ങൾക്ക് എളുപ്പത്തിൽ ദൃശ്യമാകത്തക്ക രീതിയിൽ കുത്തകക്കാരന്റെ കുത്തകസർട്ടിഫിക്കറ്റും വിലവിവരപ്പട്ടികയും കർശ്ശനമായും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

45 നാളികേരം വിൽപ്പനയ്ക്ക് പ്രത്യേകം കോൺട്രാക്റ്റ് ഉള്ളതിനാൽ മറ്റ് കടകളിൽ നാളീകേരം വിൽപ്പന നടത്തുവാൻ പാടില്ല.

46 ഹോട്ടലുകൾക്കും മറ്റ് കടകൾക്കും നാമകരണം നൽകുന്നതിനു മുമ്പായി ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതും ''ദേവസ്ഥാനം'', ''സന്നിധാനം'', ''ശബരി ക്യാന്റീൻ'' തുടങ്ങിയ പേരുകൾ കടകൾക്ക് ഒഴിവാക്കേണ്ടതുമാണ്.

47 കേരള സർക്കാർ തയ്യാറാക്കിയിട്ടുളള സേഫ്റ്റി മാനുവൽ പ്രകാരമുളള എല്ലാ നിർദ്ദേശങ്ങളും കുത്തകക്കാർ അനുസരിക്കേണ്ടതാണ്.

*48* കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യ ത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ തീർത്ഥാടകരെ ചൂഷണം ചെയ്യുന്നവിധത്തിലൊ എന്തെങ്കിലും പ്രവർത്തനം ഉണ്ടാകുന്നപക്ഷം അവരുടെ കുത്തകകൾ അറിയിപ്പ് കൂടാതെ ഉടനടി റദ്ദുചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം ഡിപ്പാർട്ട്മെന്റിനും, എക്സിക്യൂട്ടീവ് ഓഫീസർക്കും അധികാരം ഉണ്ടായിരിക്കുന്നതാണ്.

*49* സ്റ്റാളുകൾക്കും മറ്റും അനുവദിക്കാവുന്ന ഗോഡൗൺ സൗകര്യം കുത്തകവിവര സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിയിട്ടുളളതാണ്. ആയതിലുപരി മറ്റ് യാതൊരു സൗക ര്യങ്ങളും അനുവദിക്കുന്നതല്ല.

50 ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ലോട്ടറി ടിക്കറ്റുകൾ വിൽക്കു വാൻപാടുളളതല്ല.

51 കുത്തക സംബന്ധിച്ച് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നികുതികൾ ഒടുക്കേണ്ടിവരുന്നപക്ഷംകുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.1199 എം.ഇ. .ഷെഡ്യൂളിൽ ഉൾപ്പെടു ത്തിയിട്ടുള്ള എല്ലാ കുത്തക ഇനങ്ങൾക്കും മേൽ പരാമർശിച്ചക്രമം നികുതിയിന ത്തിലുള്ള 18% ജി.എസ്.ടി. തുക ലേലതുകയോടൊപ്പം തന്നെ ഒന്നാകെ ഒടുക്കു വരുത്തേണ്ടതും, നിർബന്ധമായും കുത്തക ഏറ്റെടുത്ത വ്യക്തികളുടെയോ സ്ഥാപനത്തിന്റെയോ പേരിലുള്ള രജിസ്റ്റർ ചെയ്തിട്ടുളള ജി.എസ്.ടി. നമ്പർ ശബ രിമല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.ജിഎസ്ടി സംബന്ധിച്ച് സംശയനിവാരണങ്ങൾക്ക് ദേവസ്വം ചാർട്ടേഡ് അക്കൗണ്ടന്റ് വിജയൻ അസ്സോസിയേറ്റുമായി ബന്ധപ്പെടാവുന്നതാണ്(ഫോൺ നമ്പർ:9447032606).

52 നിരതദ്രവ്യം യാതൊരു കാരണവശാലും കുത്തക തുകയുമായി അഡ്ജസ്റ്റ് ചെയ്യുന്നതല്ല. കുത്തക തുക പൂർണ്ണമായി ഒടുക്ക് വരുത്തിയതായുള്ള എക്സിക്യൂട്ടീവ് ആഫീസറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ കുത്തക ലഭിക്കുന്നവരുടെ നിരതദ്രവ്യം തിരികെ നൽകുകയുള്ളു. കുത്തക കാലാവധി കഴിഞ്ഞ്പരമാവധി ആറ് മാസത്തിനകം മതിയായ രേഖകൾ ഹാജരാക്കി മുറപ്രകാരം നിരതദ്രവ്യം തിരികെവാങ്ങേതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ നിരതദ്രവ്യം തിരികെ വാങ്ങാത്ത പക്ഷം ആയത് ആവശ്യപ്പെടാൻ കുത്തകക്കാരന് അധികാരാവകാശങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

53 നിശ്ചിത സമയത്തിനകം ഉടമ്പടിയിലേർപ്പെട്ട് കുത്തക തുക ഒടുക്കുവരുത്തു ന്നവരുടെ ഇ.എം.ഡി. തുകകൾ (2.5% നിരതദ്രവ്യവും, 7.5% ടെന്റർ സെക്യൂരിറ്റി ഉൾപ്പെടെയുള്ള ആകെ തുകയിലെ 2.5% നിരതദ്രവ്യം മാത്രം) തിരികെ നൽകുന്ന താണ്. (ശേഷിക്കുന്ന 7.5% നിബന്ധയിലെ ഖണ്ഡിക 22 ലെ ക്രമംതിരികെ നൽകുന്നതുമാണ്.) ഇ.എം.ഡി. തുകകൾ തിരികെ ലഭിയ്ക്കുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ആഫീസർ മുമ്പാകെ കുത്തകക്കാരൻ ചുവടെ വിവരിയ്ക്കുന്ന മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടാണ്.

54 ശബരിമല കുത്തക ലേലവുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള തർക്ക ങ്ങളോ വ്യവഹാരങ്ങളോ ഇതിലെ കക്ഷികൾ ഉന്നയിക്കുന്ന പക്ഷം ആയത് പത്ത നംതിട്ട ജില്ലയിലെ സിവിൽ കോടതിയിൽ മാത്രമേ ഫയൽ ചെയ്യപ്പെടാൻ പാടു ള്ളു.

55 ഇ–ടെൻഡർ ഓപ്പണിംഗ് 2 ഘട്ടങ്ങളിലായി നടത്തുന്നതും ആദ്യഘട്ടത്തിൽ ടെക്നിക്കൽ ബിഡ് തുറന്ന് പരിശോധിക്കുന്നതും രണ്ടാം ഘട്ടത്തിൽ ഫിനാൻഷ്യൽ ബിഡ് തുറന്നു പരിശോധിക്കുന്നതുമാണ്.

## നിരതദ്രവ്യം തിരികെ ലഭിക്കുന്നതിനുള്ള വ്യവസ്ഥ

1. നിരതദ്രവ്യം യാതൊരു കാരണവശാലും കുത്തക തുകയുമായി അഡ്ജസ്റ്റ് ചെയ്യുന്നതല്ല. കുത്തക തുക പൂർണ്ണമായി ഒടുക്ക് വരുത്തിയതായുള്ള എക്സിക്യൂട്ടീവ് ആഫീസറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ കുത്തക ലഭിക്കുന്നവരുടെ നിരത ദ്രവ്യം തിരികെ നൽകുകയുള്ളു.

2. കുത്തക ലഭിച്ചവരുടെ നിരതദ്രവ്യം തിരികെ ലഭിക്കുന്നതിന് ഹാജരാക്കുന്ന അപേക്ഷയിൽ കുത്തകലഭിച്ച വ്യക്തിയുടെ തന്നെ പേരിലുള്ള ബാങ്ക് (പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെ) വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. അപ്രകാരമല്ലായെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ഈ വിഷയത്തിൽ തുടർന്ന് എഴുതു കുത്തുകൾ നടത്തി ആയത് വ്യക്തമാക്കിയ ശേഷം മാത്രമേ നിരത ദ്രവ്യം തിരികെ നൽകുകയുള്ളു.

# സ്പെഷ്യൽ നിബന്ധനകൾ

## I. നാളികേര കുത്തക

**1)** ശബരിമലയിലും, പമ്പയിലും അയ്യപ്പൻമാർ ഉടയ്ക്കുന്ന നാളീകേരവും,നെയ്യ് ത്തോണികളിൽ അയ്യപ്പന്മാർ ഉപേക്ഷിക്കുന്ന നാളീകേരമുറികളും അപ്പോഴ പ്പോൾതന്നെ മാറ്റേണ്ടതാണ്. ചിരട്ട മുതലായവ എടുത്തുകളഞ്ഞ് പതിനെട്ടാം പടിയുടെ പരിസരം കൂടെക്കൂടെ വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്. ഇതിലേയ്ക്ക് വേണ്ട ജോലിക്കാരെ കുത്തകക്കാരൻ/ടെന്ററുകാരൻ നിയോഗിക്കേ ണ്ടതും, അവർ ആചാരമനുസരിച്ച് വ്രതമെടുത്ത് മാലധരിച്ചിരിക്കേണ്ടതും, അവർ ഹിന്ദുക്കളായിരിക്കേണ്ടതുമാകുന്നു. നാളീകേര കുത്തകക്കാരന്റെ/ടെന്ററുകാ രന്റെ ജീവനക്കാരെ താമസിപ്പിക്കുന്നതിനും മറ്റുമായി–

**(a)** ശബരിമലയിൽ ഏകദേശം 2250 സ്ക്വയർ മീറ്റർ സ്ഥലം പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം അനുവദിക്കുന്നതും, ആയതിൽ ആവശ്യാനുസരണം ഷെഡ്ഡുകൾ ഡിപ്പാർട്ടു മെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരന്റെ/ടെന്റർകാരന്റെ ചെലവിൽ നിർമ്മിക്കുന്നതിന് അനുവാദമുള്ളതാകുന്നു. ഗോഡൗൺ സൗകര്യത്തിനായി വലിയ നടപ്പന്തലിന്റെ സെല്ലാറിൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ഭാഗം ഉപയോ ഗിക്കാവുന്നതാണ്. ***തറവാടകയായി 3,00,000/-രൂപ അടയ്ക്കേണ്ടതാണ്.*** കറന്റ് ചാർജ്ജ് കുത്തകക്കാരൻ അടയ്ക്കേണ്ടതാണ്. പ്രസ്തുത തറവാടക പമ്പ ഹിൽടോപ്പിന് സമീപം പ്ലാനിൽ കാണിച്ചിരിക്കുന്ന സ്ഥലത്ത് സ്റ്റോർ ഷെഡ്ഡ് (100 സ്ക്വയർ മീറ്റർ) നിർമ്മിക്കുന്നതിനുള്ള തറവാടക ഉൾപ്പെടെയാണ്.

**(b)** പമ്പയിലെ നാളീകേര കുത്തക ലഭിക്കുന്ന ആളിന് നാളികേരം സ്റ്റോർ ചെയ്യുന്നതിനും ജീവനക്കാരുടെ താമസത്തിനുമായി **20 X 8 m** അളവിലുള്ള ഒരു ഷെഡ്ഡ് പമ്പയിൽ നിർമ്മിക്കാവുന്നതാണ്. ഇതിലേക്ക് ***തറവാടകയായി 50,000/- രൂപ***ലേല ത്തുകയോടൊപ്പം അടയ്ക്കേണ്ടതാണ്. നാളികേരം പ്രോസസ്സ് ചെയ്യുന്നതിനുള്ള

ഷെഡ്ഡുകളും, ഡ്രയറുകളും നിർമ്മിക്കുന്നതിനുള്ള സ്ഥലം നിലയ്ക്കലിൽ അനുവദിക്കുന്നതാണ്. ഇതിലേക്ക് സ്വകയർ മീറ്ററിന് 200 രൂപ ക്രമം തറവാടക കുത്തകക്കാരൻ അടയ്ക്കേണ്ടതാണ്. യാതൊരു കാരണവശാലും അയ്യപ്പഭക്തന്മാർക്ക് ബുദ്ധിമുട്ടുണ്ടാക്കുവാൻ പാടില്ലാത്തതുമാകുന്നു. ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശ പ്രകാരം ഷെഡുകളും മറ്റ് അനുബന്ധ സ്ഥാപനങ്ങളും മാറ്റുന്നതിന് ലേലക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും. കാലാവധി തീരുന്ന മുറയ്ക്ക് ഷെഡുകളും ഡ്രയറുകളും ലേലക്കാരൻ സ്വന്തം ചെലവിൽ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. ടി ആവശ്യത്തിനുള്ള കറണ്ടും വെള്ളവും സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്. ഇതു കൂടാതെ

നാളികേരം ശേഖരിക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ ഷെഡ് കെട്ടുവാൻ പാടില്ലാത്തതും, ശബരിമല മഹോത്സവ കാലത്ത് ക്ഷേത്ര സങ്കേതമോ, പതിനെട്ടാം പടിക്കു മുകളിലുള്ള തിരുമുറ്റമോ, വലിയ നടപന്തലിലെ ഫ്ളൈ ഓവറോ നാളികേരം ഉണക്കുന്നതിന് ഉപയോഗപ്പെടുത്താൻ പാടില്ലാത്തതാകുന്നു. ലേല നിബന്ധനപ്രകാരം നിശ്ചിത തീയതിക്ക് മുമ്പ് മുഴുവൻ തുകയും അടച്ച് തീർക്കാത്തപക്ഷം മണ്ഡലകാലം മുഴുവൻ കുത്തക ഐറ്റ പ്രകാരം എടുത്തിരിക്കുന്നതോ ഉണക്കി സൂക്ഷിക്കുന്നതോ ആയ നാളികേരവും കൊപ്രയും ഡിപ്പാർട്ടുമെന്റ് അധികൃതരെ ബോദ്ധ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും തുക മുഴുവനും അടച്ചുതീർത്തതിന് ശേഷം അല്ലാതെ ശബരിമലയിൽ നിന്നും/പമ്പയിൽനിന്നും/നിലയ്ക്കലിൽ നിന്നും കൊണ്ടുപോകാൻ പാടില്ലാത്തതും ഈ വ്യവസ്ഥയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നതായാൽ ശേഖരിച്ചിരിക്കുന്ന കൊപ്ര മുഴുവനും മഹസ്സർ എഴുതി ഡിപ്പാർട്ടുമെന്റ് കൈവശം എടുത്ത് ലേലം ചെയ്തോ മറ്റ് പ്രകാരത്തിലോ വിൽപ്പന നടത്തി ഡിപ്പാർട്ടുമെന്റിലേക്ക് ഈടാക്കുവാനുള്ള തുക മുഴുവൻ ഈടാക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്. അയ്യപ്പൻമാർ ഹോമകുണ്ഡത്തിൽ എറിയുന്ന നാളികേരം ഹോമകുണ്ഡലത്തിനകത്ത് വീണാലും പുറത്ത് വീണാലും എടുക്കുന്നതിന് കുത്തകക്കാരന് യാതൊരവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മലനട, മാളികപ്പുറം നടകളിൽ അയ്യപ്പൻമാർ ഉരുട്ടുന്ന നാളികേരം കുത്തകക്കാരൻ/ടെന്റർകാരൻ ഇതിലേക്ക് പ്രത്യേകം ആളുകളെ നിയോഗിച്ച് അയ്യപ്പൻമാരിൽ നിന്നും പരാതിക്കിടയാകാതെ ശേഖരിച്ചുകൊള്ളേണ്ടതാണ്. അതുപോലെ ശബരിമലയിലും പമ്പയിലും വഴിപാടുകാർസമർപ്പിക്കുന്ന നാളികേരം അന്നോടന്ന് തന്നെ ആയതിലേക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നും ഏറ്റുവാങ്ങിക്കൊള്ളേണ്ടതും റേറ്റ് അനുസരിച്ചുള്ള വില ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് മുറപ്രകാരമുള്ള രസീത് വാങ്ങികൊള്ളേണ്ടതാണ്. അടിയന്തിരങ്ങൾ സമാപിക്കുന്നമുറയ്ക്ക് ടി ഇനത്തിൽ മിച്ചമുള്ള നാളികേരം ഒന്നായി ഏറ്റു വാങ്ങി കുത്തക റേറ്റനുസരിച്ച് വില അടച്ച് രസീതു വാങ്ങിക്കൊള്ളേണ്ടതാണ്. **വഴിപാട്മിച്ചം നാളികേരം, കുത്തകക്ക് ശബരിമല കുത്തകക്കാരൻ 100000 രൂപയും, പമ്പ കുത്തകക്കാരൻ 50,000 രൂപയും, സെക്യൂരിറ്റി തുകയായി ലേലഹാളിൽ അടയ്ക്കേണ്ടതും** കുത്തകയുടെ കാലാവധി തീരുന്ന മുറയ്ക്ക് മറ്റു വീഴ്ചകൾ ഇല്ലാത്ത പക്ഷം തിരികെ വാങ്ങാവുന്നതാണ്. യാതൊരു കാരണവശാലും ആഴിയിൽ നിക്ഷേപിക്കുന്നതിനുള്ള നെയ്തേങ്ങ ഭക്തജനങ്ങളിൽനിന്നും നിർബന്ധിച്ച് കരസ്ഥമാക്കാൻ പാടുള്ളതല്ല.

**2)** നാളീകേരക്കൂട്ടിൽ അയ്യപ്പൻമാർ ഉടയ്ക്കുന്ന നാളീകേരം അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.

**3)** കുത്തക വിവര സ്റ്റേറ്റ്മെന്റിൽ പറയുന്ന സ്ഥലങ്ങളിൽ വച്ചുമാത്രമേ നാളീകേരം വിൽപ്പന നടത്തുവാൻ പാടുള്ളൂ.

**4)** വിൽപ്പന നടത്തുന്ന നാളീകേരത്തിന്റെ വില വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

5) മണ്ഡലം-മകരവിളക്ക് അടിയന്തിര ത്തിനുശേഷം ഒരുമാസത്തിനകവും, വിഷുവിന് നട അടച്ചശേഷം ഏഴു ദിവസത്തിനകവും, മറ്റു പൂജകൾക്കും വിശേഷദിവസങ്ങൾക്കും നട തുറന്നാൽ നട അടച്ച് രണ്ടു ദിവസത്തിനകവും അതുവരെയുള്ള നാളീകേരവും മറ്റ് ഉൽപ്പന്നങ്ങളും (തൊണ്ട്, ചിരട്ട, കരി) കരാർ സ്ഥലത്ത് നിന്ന് നീക്കി പരിസരം ശുചിയാക്കി ബന്ധപ്പെട്ട മരാമത്ത് ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

6) നിശ്ചയിച്ച് അനുവദിച്ചിട്ടുള്ളസമയപരിധിക്കുള്ളിൽ നീക്കം ചെയ്യാത്ത വകകൾ ഡിപ്പാർട്ട്മെന്റിൽമുതൽകൂട്ടുന്നതും ആയതിൽ ആക്ഷേപങ്ങളോ, അവകാശ വാദങ്ങളോ ഉന്നയിക്കുവാൻ കരാറുകാരന്. അവകാശമുണ്ടായിരിക്കുന്നതല്ല.

7) കരാർ നടത്തിപ്പിന് ഡിപ്പാർട്ട്മെന്റ് കെട്ടിടം ലഭ്യമാക്കുന്നതല്ല.

8) നാളികേര കുത്തകക്കാരൻ/ടെന്ററുകാരൻ കൊപ്രായാർഡ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് പ്രവർത്തിപ്പിക്കേണ്ടതും, കൊപ്രായാർഡിൽവച്ച് കരി എടുക്കുന്ന ആവശ്യത്തിലേക്ക് യാതൊരു കാരണവശാലും ചിരട്ട കത്തിക്കുവാൻ പാടില്ലാത്തതുമാണ്.

## II. നടവരവ് കർപ്പൂരം, സാമ്പ്രാണി, പനിനീർ

കുത്തകക്കാരൻ/ടെന്റർകാരൻ അപ്പോഴപ്പോൾ ആൾവെച്ച് നടവരവുകൾ തിരിഞ്ഞിട്ടിട്ടുള്ള സ്ഥലത്ത്നിന്നും ടി സാധനങ്ങൾ ഏറ്റുവാങ്ങിക്കൊള്ളേണ്ടതും ക്ഷേത്രസങ്കേതത്തിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രത്യേകം നിർദ്ദേശിക്കുന്ന സ്ഥലത്തുവച്ച് വിൽപ്പന നടത്താവുന്നതും കുത്തകക്കാരൻ/ടെന്റർകാരൻ അല്ലാതെ മറ്റാരും ടി സാധനങ്ങൾ ക്ഷേത്രസങ്കേതത്തിനകത്തുവച്ച് വിൽപ്പന നടത്തുന്നതിനെ നിരോധിച്ചിരിക്കുന്നതും കുത്തകക്കാരന്/ടെന്ററുകാരന് പുറമെ നിന്നു കൂടി ടി സാധനങ്ങൾ കൊണ്ടുവന്ന് വിൽപ്പന നടത്താവുന്നതുമാകുന്നു.

## III. നടവരവ് കുരുമുളക്, എളള്, ചെറുനാരങ്ങ, വെറ്റില, പാക്ക് എന്നിവ ഏറ്റുവാങ്ങുന്നതിനുള്ള അവകാശം

കുത്തകക്കാരൻ/ടെന്റർകാരൻ അപ്പോഴപ്പോൾ ആൾവെച്ച് നടവരവുകൾ തിരിഞ്ഞിട്ടുള്ള സ്ഥലത്ത്നിന്നും ടി സാധനങ്ങൾ ഏറ്റുവാങ്ങിക്കൊള്ളേണ്ടതാണ്. ടി വകകൾ സൂക്ഷിക്കുന്നതിന് ഡിപ്പാർട്ട്മെന്റിൽനിന്നും അനുവദിച്ചിട്ടുള്ള സ്റ്റാൾ ഉപയോഗിക്കാവുന്നതാണ്. വാവരുതറയിലെ ഡിപ്പാർട്ട്മെന്റ് വിഹിതം ആഴ്ചയിലൊരിക്കൽ കുത്തകക്കാരൻ ഏറ്റുവാങ്ങേണ്ടതാണ്. കുരുമുളക്, പാക്ക് എന്നിവ തിരിയുന്നതിനും ഉണക്കുന്നതിനും ടെലഫോൺ എക്സ്ചേഞ്ചിന് വടക്കുവശം പ്ലാനിൽ കാണിച്ചിട്ടുള്ള 7 X 5 മീറ്റർ അളവിലുള്ള സ്ഥലവും ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സ്ഥലം മകരവിളക്ക് ദിവസവും അതിന് മുൻപുള്ള രണ്ട് ദിവസവും ഒഴിഞ്ഞുകൊടുത്ത് മകരവിളക്ക് ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് വിരിവയ്ക്കുവാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

## IV. വെടി കുത്തക

താൽക്കാലികമായി ഒഴിവാക്കിയിട്ടുള്ളതും വ്യവസ്ഥകൾ പുനഃക്രമീകരിച്ച് പിന്നീട് ലേല നടപടികൾ നടത്തുന്ന മുറയ്ക്ക് നിബന്ധനകൾ തയ്യാറാക്കി ലേല നടപടികൾ നടത്തുന്നതുമായിരിക്കും.

## V നേർച്ച സാധനങ്ങളുടെ കുത്തക

അയ്യപ്പന്മാർക്ക് നടയ്ക്ക് വയ്ക്കുന്നതിനുളള സ്വർണ്ണത്തിലും വെളളിയിലുമുളള ആൾരൂപം, കാല്, കയ്യ്, കണ്ണ് മുതലായ നേർച്ചരൂപങ്ങളും, ഓട്, പിത്തള, വെളളി വിളക്കുകൾ, മണി, ലോക്കറ്റുകൾ, മാല പെൻ്റന്റ്, മോതിരം മുതലായ ആഭരണങ്ങളും സ്വർണ്ണം, വെളളി എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ടു പൊതിഞ്ഞതും, രുദ്രാക്ഷം, തുളസി, വിലപിടിപ്പുളള കല്ലുകൾ എന്നിവയിൽ നിർമ്മിച്ചതുമായ മാലയും മറ്റാഭരണങ്ങളും, കർപ്പൂരത്തട്ടം, കിണ്ണം എന്നിവ ഉണ്ടാക്കികൊണ്ടുവന്ന് ഡിപ്പാർട്ടുമെന്റിൽനിന്നും നിർദ്ദേശിക്കുന്ന സ്ഥലത്തുവച്ച് വിൽപ്പന നടത്തുന്നതിന് കുത്തകക്കാരന് അവകാശമുളളതാണ്. ഇതിലേക്കാവശ്യമായ ലൈസൻസ് സ്വന്തം ഉത്തരവാദിത്വത്തിൽ ബന്ധപ്പെട്ട അധികാരികളിൽനിന്നു വാങ്ങി കുത്തകക്കാരൻ/ടെൻ്റർകാരൻ സൂക്ഷിച്ചുകൊള്ളേണ്ടതും, ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. സ്വർണ്ണം പതിനാല് ക്യാരറ്റിലും, വെളളി എട്ട് ക്യാരറ്റിലും കുറയാൻ പാടില്ലാത്തതും, ആയവ കുത്തകക്കാരനോ ടിയാൻ അധികാരപ്പെടുത്തുന്ന ആളുകളോ അല്ലാതെ മറ്റ് യാതൊരാളും വിൽപ്പന നടത്തുവാൻ പാടില്ലാത്തതും, അനധികൃതമായി വിൽപ്പന നടത്തുന്നവരിൽനിന്നും ആ വക സാധനങ്ങൾ പിടിച്ചെടുത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമാകുന്നു. സ്വർണ്ണംകൊണ്ടും, വെളളികൊണ്ടും നിർമ്മിച്ചിട്ടുളള നേർച്ച ഉരുപ്പടികളും മറ്റും നിബന്ധന അനുസരിച്ചുളളതാണോ എന്ന് പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന് അവകാശമുണ്ടായിരിക്കുന്നതും, നിബന്ധന അനുസരിച്ചുളളതല്ലെന്ന് ബോദ്ധ്യം വരുന്നപക്ഷം ക്രിമിനൽ നടപടികൾ ഉൾപ്പെടെയുളള നടപടികൾ നടത്തുന്നതിനും ഉരുപ്പടികൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്. യാതൊരു കാരണവശാലും അയ്യപ്പചക്രം, ഡിപ്പാർട്ടുമെന്റ് വിൽപ്പന നടത്തുന്ന ലോക്കറ്റുകൾ എന്നിവ വിൽപ്പന നടത്തുവാൻ പാടുളളതല്ല.

## VI തറവാടക

1) ശബരിമലയിലും പമ്പയിലും ഹോട്ടലുകൾ, ലഘു ഭക്ഷണശാലകൾ, ഫോട്ടോസ്റ്റുഡിയോകൾ, മറ്റു കടകൾ, കുത്തകക്കാർക്ക് അനുവദിച്ചിട്ടുളള ഷെഡുകൾ എന്നിവ കെട്ടുന്നതിന് ഫയർഫോഴ്സ് ഡയറക്ടറുമായി ആലോചിച്ചുണ്ടാക്കിയ താഴെ വിവരിക്കുന്ന പ്രത്യേക നിബന്ധനകൾക്ക് വിധേയമായിരിക്കേണ്ടതാണ്. ഇവയ്ക്ക് ഓരോന്നിനും ഡിപ്പാർട്ട്മെന്റിൽനിന്നു അളവുകൾ നിശ്ചയിച്ച് കുറ്റിയടിച്ചിട്ടുളള സ്ഥലങ്ങളിൽ കൂടുതൽ സ്ഥലം ഷെഡ്ഡുകൾ കെട്ടുന്നതിനോ അവരവരുടെ കച്ചവട സംബന്ധമായ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാൻ കുത്തകക്കാരെ/ടെൻ്റർകാരെ അനുവദിക്കുന്നതല്ല. ഈ വ്യവസ്ഥകൾക്ക് വിപരീതമായി ഹോട്ടലുകളോ, ഫോട്ടോസ്റ്റുഡിയോകളോ, ഷെഡ്ഡുകളോ കെട്ടുകയോ അവരവർക്ക് അനുവദിച്ചിട്ടുളളതിൽ കൂടുതൽ സ്ഥലങ്ങൾ ഉപയോഗിക്കുന്നതായോ കാണുകയാണെങ്കിൽ നിശ്ചിത അളവുകൾക്ക് പുറത്ത് കെട്ടുന്ന ഷെഡ്ഡുകൾ തുടങ്ങിയവയെല്ലാം നീക്കം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. വ്യവസ്ഥകൾക്ക് വിപരീതമായി കെട്ടുന്നവയിൽ കച്ചവടം ചെയ്യുന്നതിന് അനുവദിക്കുന്നതല്ലാത്തതാണ്. ഇതിൽവെച്ചുണ്ടാകുന്ന നഷ്ടത്തിന് കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്. ഓല, കാട്ടില, പുല്ല്, കാട്ടുകഴകൾ, മറ്റു വനവിഭവങ്ങൾ എന്നിവ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിൽനിന്നും ഒഴിവാക്കേണ്ടതാണ്.ജി.ഐ ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര ഇടേണ്ടതാണ്.

2) പമ്പ മണൽപ്പുറത്തും, ശബരിമല സന്നിധാനത്തും ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ച് കൊടുത്തിട്ടുളള സ്ഥലത്തുമാത്രം ഓരോ ഫോട്ടോസ്റ്റുഡിയോ നടത്തുന്നതിന് കുത്തക കൊടുത്തിട്ടുളളതാണ്. കാപ്പിക്കടകൾ, ഹോട്ടലുകൾ, മറ്റുകടകൾമുതലായവ നടത്തുന്നതിനും മറ്റും ലേലം ചെയ്തുകൊടുത്ത യാതൊരു സ്ഥലത്തും ഫോട്ടോസ്റ്റുഡിയോ സ്ഥാപിച്ച് നടത്തുന്നതിന് പ്രസ്തുത സ്ഥലങ്ങളുടെ കുത്തകക്കാർക്ക്/ടെൻ്റർകാർക്ക് അധികാരവും അവകാശവും

ഉണ്ടായിരിക്കുന്നതല്ലാത്തതും അപ്ര കാരം നടത്തുന്നതിന് അനുവദിക്കുന്നതല്ലാത്തതുമാണ്. പമ്പയിലും, ശബരിമലയിലും, നിലയ്ക്കലും ഭക്ഷണശാലകളും ലഘു ഭക്ഷണ ശാലകളും ഒഴിച്ചുള്ള മറ്റു കടകൾക്ക് ബ്ലോക്ക് തിരിച്ച് ലേലം ചെയ്ത് കൊടുക്കുന്ന സ്ഥലങ്ങളിലും യാതൊരു കാരണവശാലും ഭക്ഷണശാലയോ ലഘു ഭക്ഷണശാലയോ നടത്തുന്നതിന് അനുവദിക്കുന്നതല്ല.

3) ഭക്ഷണശാലകളും ലഘുഭക്ഷണശാലകളും നിർദ്ദിഷ്ട സ്ഥാനങ്ങളിൽ നടത്തുന്നതിനുള്ള അവകാശം ഡിപ്പാർട്ട്മെന്റിൽനിന്നും പ്രത്യേകം പ്രത്യേകം ലേലം ചെയ്ത് കൊടുക്കുന്നതാകയാൽ ആയത് ലേലത്തിൽ പിടിക്കുന്ന കുത്തകക്കാരുടെ/ടെന്റർകാരുടെ കച്ചവടത്തിന് വിഘാതം ഉണ്ടാകാതിരിക്കുന്നതിന് ശരംകുത്തി മുതൽ ജീപ്പുറോഡ് ജംഗ്ഷൻവരെയുള്ള സ്ഥലത്ത് ജീപ്പ് റോഡ് അവസാനിക്കുന്നിടത്തുനിന്നും മുപ്പതു മീറ്റർ അകന്നും, കുമ്പളം തോടുമുതൽ വടക്കുവശത്തുള്ള പഴയ കിടങ്ങിനു മേൽ ഭാഗത്തുള്ള റിസർവോയർവരെയുള്ള സ്ഥലത്ത് മാളികപ്പുറത്തും ട്രഞ്ചിനുവെളിയിൽ ട്രെഞ്ചിൽനിന്നും 30 മീറ്ററിനകത്തും ത്രിവേണി ഇലക്ട്രിസിറ്റി ആഫീസിനു വടക്കുവശം ത്രിവേണി ഫുട്ട് ബ്രിഡ്ജ് വരെയുള്ള സ്ഥലത്തും കടകൾ കെട്ടിയോ അല്ലാതെ ലഘു ഭക്ഷണശാലയുംഭക്ഷണശാല ലോ നടത്തുന്നതിന് അതാതു സ്ഥലങ്ങളിൽനിന്ന് തറ കുത്തകക്കാരെ/ടെന്ററുകാരെ അനുവദിക്കുന്നതല്ല. അതിന് വിപരീതമായിചെയ്യുന്ന വ്യാപാരികളെ അതാത് സ്ഥലങ്ങളിൽനിന്ന് നീക്കം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവെച്ചുണ്ടാകുന്ന കഷ്ടനഷ്ടത്തിന് അതാത് കോൺട്രാക്ടർമാർ ഉത്തരവാദികളായിരിക്കുന്നതുമാണ്.

4) ഭക്ഷണശാലകളിലോ, റ്റീഷോപ്പുകളിലോ, മറ്റു കടകളിലോ ഒന്നുംതന്നെ ക്ഷേത്രാചാരവിരുദ്ധമായ യാതൊരു സാധനങ്ങളും, സിഗററ്റ്, ബീഡി, പാൻപരാഗ് എന്നിവ ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളും മത്സ്യമാംസാദികളും വിൽപ്പന നടത്തുന്നതിനോ ഉപയോഗക്കുന്നതിനോ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ കുത്തക റദ്ദ് ചെയ്ത് അനന്തര നടപടി സ്വീകരിക്കുന്നതാണ്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ട്രെട്രാപാക്സ് എന്നിവ നിരോധിച്ചിട്ടുള്ളതിനാൽ അവ വിൽപ്പന നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. ടി കടകളിൽ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രത്യേകം ലേലം ചെയ്ത കുത്തകയ്ക്ക് ആൾ ഏർപ്പെടുത്തിയിരിക്കുന്ന സ്വർണ്ണം, വെള്ളി നേർച്ച സാധനങ്ങൾ, കർപ്പൂരംസാമ്പ്രാണി, പനിനീർ എന്നിവയും നാളികേരവും വ്യാപാരം ചെയ്യുന്നതിന് ആരേയും അനുവദിക്കുതല്ല. പിച്ചാത്തി, വാൾ തുടങ്ങിയ മാരകായുധങ്ങൾ കൊണ്ടു നടക്കുവാനോ, വിൽക്കാനോ പാടുള്ളതല്ല. ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, കടകൾ എന്നിവ എടുക്കുന്നതിന് കുത്തക ഏർപ്പെട്ട ആളുകൾ ആഹാര പദാർത്ഥങ്ങൾക്കും മറ്റു സാധനങ്ങൾക്കും അയ്യപ്പന്മാരിൽനിന്നും അമിത തുക ഈടാക്കാൻ പാടില്ലാത്തതാണ്. ശുചിയായ ആഹാര പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനും ഭക്ഷണശാലകൾ, കടകൾ എന്നിവയും അവയുടെ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും കുത്തകക്കാരൻ ശ്രദ്ധിക്കേണ്ടതാണ്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്ഷണശാലകളും, ലഘുഭക്ഷണശാലകളും നടത്തുന്നവർ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള വിലവിവരം പ്രദർശിപ്പിക്കേണ്ടതും അതനുസരിച്ച് മാത്രം ആഹാര പദാർത്ഥങ്ങൾ വിൽക്കേണ്ടതുമാണ്.ഹെൽത്ത് ഇൻസ്പെക്ടർ, ഫുഡ് ഇൻസ്പെക്ടർ എന്നിവരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5) പരസ്യത്തിലെ വ്യവസ്ഥകളനുസരിച്ച് അതാത് ഐറ്റങ്ങൾക്ക് അടയ്ക്കേണ്ട മുഴുവൻ തുകയും നിശ്ചിത സമയത്തിനകംതന്നെ അടച്ച് രസീത് വാങ്ങാതെ മുടക്കം വരുത്തുന്നതായാൽ കോൺട്രാക്ട്/ടെന്റർ റദ്ദ് ചെയ്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും നേരിട്ടോ മറ്റ് വ്യവസ്ഥകൾ ചെയ്തോ തറവാടക പിരിക്കുന്നതും, അതിൽ

വച്ചുണ്ടാകുന്ന കഷ്ടനഷ്ടത്തിന് കോൺട്രാക്ടർ ഉത്തരവാദിയായിരിക്കുന്നതും, ലാഭമുണ്ടായാൽ അത് ദേവസ്വം ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

6) കുത്തകയ്ക്ക് കൊടുത്തിട്ടുളള ഏതെങ്കിലും സ്ഥലം ഡിപ്പാർട്ട്മെന്റ് ആവശ്യത്തിന് വേണ്ടിവരുന്ന പക്ഷം അപ്രകാരമുളള സ്ഥലത്ത് കെട്ടിയിട്ടുളള ഷെഡ്ഡ് പൊളിച്ചുമാറ്റി സ്ഥലം ഡിപ്പാർട്ട്മെന്റിന്റെ ആവശ്യത്തിനുവേണ്ടി വിട്ടുതരുന്നതിന് കോൺട്രാക്ടർ/കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അപ്രകാരം ഒഴിഞ്ഞുതരേണ്ടതുമാണ്.

7) ശബരിമലയിലും, പമ്പയിലും, നിലയ്ക്കലും കുത്തകകളിൽ ഏർപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ ആവശ്യമെന്നു കണ്ടാൽ ഭക്ഷണശാല,ലഘു ഭക്ഷണശാലകോഫിസ്റ്റാൾ, മിൽമാ സ്റ്റാൾ, സ്റ്റാൾ തുടങ്ങി അയ്യപ്പന്മാർക്ക് പ്രയോജനപ്പെടുന്ന വിവിധ കാര്യങ്ങൾക്ക് കൊടുക്കുന്നതിന് ഡിപ്പാർട്ട്മെന്റിന്അധികാരമുണ്ടായിരിക്കുന്നതും അതിനെ കുത്തകക്കാർക്ക്/ ടെന്റർകാർക്ക് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

8) വഴിമേലും മറ്റ് താവളങ്ങളിലും കടകൾ കെട്ടുന്നതിൽവച്ച് വഴി നടക്കുന്ന അയ്യപ്പന്മാരുടെ സഞ്ചാരത്തിനും, വിരിവെയ്പിനും യതൊരു അസൗകര്യവും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ദേവസ്വം, ഫോറസ്റ്റ്, **P.W.D** തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളുടെ നിർദ്ദേശം പാലിക്കേണ്ടതും അസൗകര്യമെന്നു കാണുന്ന സ്ഥലങ്ങളിൽ കടകൾ പൊളിച്ചു മാറ്റുന്നതിന് കോൺട്രാക്ടർ/കുത്തകക്കാരൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

9) ലേലപരസ്യത്തിൽ കടകൾ, സ്റ്റുഡിയോകൾ, ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ എന്നിവ കെട്ടുന്നത് ഡിപ്പാർട്ട്മെന്റിൽനിന്നും നിശ്ചയിച്ചിട്ടുളള സ്ഥലത്ത് (പ്ലാൻ രേഖപ്പെടുത്തിയിട്ടുളള അംഗീകൃത അളവിൽ മാത്രം) അവ കെട്ടുന്നതിന് ദേവസ്വം കമ്മീഷണറുടെയോ അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരുടേയോ അംഗീകാരത്തോടുകൂടി മാത്രം ആയിരിക്കേണ്ടതാണ്. അളവിൽ കൂടുതൽ സ്ഥലം യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടില്ലാത്തതും അങ്ങനെ ഉപയോഗിക്കുകയാണെങ്കിൽ ബ്ലാക്ക്ലിസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

10) പുലിനഖം, മാല മുതലായ സാധനങ്ങൾ കൊണ്ടു നടന്നു കച്ചവടം ചെയ്യുന്നതിന് തറവാടക കോൺട്രാക്ടർമാർക്ക് അധികാരം ഇല്ലാത്തതും, ആയത് അനുവദിക്കുന്നതല്ലാത്തതുമാകുന്നു. കെ.എസ്.ഇ.ബി. യിൽ നിന്നും സ്ഥാപിച്ചിട്ടുളള കെ. വി. ലൈൻ പോസ്റ്റിനു താഴെയോ, അപ്രകാരമുളള പോസ്റ്റുകളുടെ സമീപത്തോ കട കെട്ടുവാൻ അനുവദിക്കുന്നതല്ല. ആയതിന് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കടകൾ എടുത്തു മാറ്റാൻ ഡിപ്പാർട്ട്മെന്റിന് അധികാരാവകാശമുണ്ടായിരിക്കുന്നതാണ്.

11) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ കംഫർട്ട് സ്റ്റേഷനുകളിൽ കുത്തകക്കാരൻ സ്വന്തം ചെലവിൽ ജലലഭ്യത ഉറപ്പാക്കേണ്ടതാണ്. വാട്ടർ ടാപ്പ് ഫിറ്റുചെയ്തിട്ടുള്ള യൂണിറ്റുകളിൽ അതിൽക്കൂടി ജലം ലഭ്യമാക്കേണ്ടതാണ്. ഒരാളിൽനിന്നും ഒരുപ്രാവശ്യം യൂറിനൽ ഉപയോഗത്തിന് രണ്ടു(2/-)രൂപയിൽകൂടുതലും ടോയ്ലറ്റ്/ബാത്ത്റൂം ഉപയോഗത്തിന്അഞ്ച് (5/-) രൂപയിൽ കൂടുതലും ഈടാക്കുവാൻ പാടില്ലാത്തതുമാണ്. വൈദ്യുത കണക്ഷൻ എടുത്തിട്ടുള്ള കംഫർട്ട് സ്റ്റേഷനുകൾ ക്ക്നിശ്ചയിച്ചിട്ടുളളസെക്യൂരിറ്റിതുകയും, വൈദ്യുത ചാർജ്ജും കുത്തകക്കാരൻ അടയ്ക്കേണ്ടതുമാണ്. ബക്കറ്റുകൾ മുതലായ സാധനങ്ങളും, ശുചീകരണത്തിനുവേണ്ട സാധനങ്ങളും കുത്തകക്കാരൻ തന്നെ

വാങ്ങി ഉപയോഗിക്കേണ്ടതും ബൾബുകൾ ഫ്യൂസായാൽ കുത്തകക്കാരന്റെ സ്വന്തം ചെലവിൽ മാറ്റിക്കൊള്ളേണ്ടതുമാണ്. കംഫർട്ട്സ്റ്റേഷനുകളും പരിസരവും എപ്പോഴും ശുചിയായും വൃത്തിയായും സൂക്ഷിക്കേണ്ടതാണ്. പബ്ലിക്ക് ഹെൽത്ത് ഉദ്യോഗസ്ഥരുടേയും, ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടേയും എല്ലാ നിർദ്ദേശങ്ങളും അനുസരിക്കേണ്ടതും കുത്തക വീഴ്ച വരുത്തുകയോ, പരാതിക്ക് ഇടനൽകുകയോ, നിശ്ചിത തുകയിൽ കൂടുതൽ ഈടാക്കുകയോ ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ കുത്തക റദ്ദ് ചെയ്ത് നിരതദ്രവ്യം മുതൽകൂട്ടി ആവർത്തന

ലേലംനടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അവകാശം ഉണ്ടായിരിക്കുന്നതും കുത്തകകൾ ഏൽപ്പിക്കുന്നതിന് മുമ്പായി കംഫർട്ട് സ്റ്റേഷനുകളിലുള്ള ഉരുപ്പടികൾ ബോദ്ധ്യപ്പെട്ട് ഏറ്റുവാങ്ങേണ്ടതും, യാതൊരു കേടുപാടുകളും കൂടാതെ ബന്ധപ്പെട്ട ദേവസ്വം മരാമത്ത് എഞ്ചിനീയറെ ബോദ്ധ്യപ്പെടുത്തി തിരികെ ഏൽപ്പിക്കേണ്ടതുമാകുന്നു. സാങ്കേതിക കാരണങ്ങളാൽ വൈദ്യുതിയും ജലവിതരണവും തടസ്സപ്പെട്ടാൽ ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. ആയതിന് കുത്തകക്കാരൻതന്നെ ബദൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്. കുത്തകക്കാരൻ സ്വന്തം ചെലവിൽ വൈദ്യുതകണക്ഷൻ സമ്പാദിച്ചുകൊളളണം. കുത്തകക്കാലയളവിൽ ഉണ്ടാകുന്ന റിപ്പയർ വർക്കുകൾ കുത്തകക്കാരന്റെ സ്വന്തം ചെലവിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം യഥാസമയം ചെയ്തിരിക്കേണ്ടതാണ്.

12) പമ്പയിലുള്ള ഭക്ഷണശാലകളിൽനിന്നും പുറംതള്ളുന്ന മലിനജലം ശേഖരിച്ച് പമ്പു ചെയ്യുന്നതിനുവേണ്ടി ഓരോ ഹോട്ടലിന്റെയും പുറകിലായി 7, 2.5, 1.5 മീറ്റർ അളവിൽ ചുടുകല്ലുപയോഗിച്ച് ഒരു ടാങ്ക് ലേലക്കാരന്റെ സ്വന്തം ചെലവിൽ പണിയേണ്ടതാണ്. തറയിൽ കുഴിയെടുത്ത് മലിനജലം ശേഖിക്കാൻ പാടുളളതല്ല. ഇപ്രകാരം തയ്യാറാക്കുന്ന ടാങ്കുകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുളള ഭൂമിയിലായിരിക്കേണ്ടതും അവ വനഭൂമിയിൽ പാടില്ലാത്തതും ആണ് അപ്രകാരം ശേഖരിക്കുന്ന മലിനജലം സമയാസമയങ്ങളിൽ ഏറ്റവും അടുത്തുളള ഡിപ്പാർട്ട്മെന്റ് സംഭരണ ടാങ്കുകളിലേയ്ക്ക് കരാറുകാരൻ സ്വന്തം ചെലവിൽ പമ്പ് ചെയ്യേണ്ടതാണ്. ആയത് സമീപത്തുളള ഓടകളിലേയ്ക്കോ പൊതു സ്ഥലത്തോ ഒഴുക്കിവിടാൻ അനുവദിക്കുന്നതല്ല. (പമ്പാ മണൽപ്പുറം പ്ലാനിൽ വരുന്നവർക്ക് മാത്രം ബാധകമാണ്).

13) ബഹു: കേരളാ ഹൈക്കോടതിയിലെ ഒ.പി.നമ്പർ 15667/1992-ാം നമ്പർ കേസ്സിലെ വിധിന്യായ പ്രകാരം ഒരു വ്യക്തിയോ, നോമിനിയോ പമ്പയിലും ശബരിമലയിലുമായി ഭക്ഷണശാലകൾ ബ്ലോക്കുകൾ എന്നിവയെല്ലാം കൂടി മൂന്നെണ്ണത്തിൽ കൂടുതൽ ലേലത്തിൽ/ടെന്ററിൽ കുത്തക പിടിക്കാൻ പാടില്ലാത്തതാണ്. ആയതിന് വിരുദ്ധമായി കാണപ്പെട്ടാൽ അവർ ഏറ്റെടുത്തിട്ടുളള കുത്തകകൾ റദ്ദ് ചെയ്ത് അവർ അടച്ചിട്ടുളള തുകകൾ ഡിപ്പാർട്ട്മെന്റിലേക്ക് മുതൽ കൂട്ടി മറ്റു നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

14) പാചകവാതകവും, ഇലക്ട്രിക് സാധനങ്ങളും ഉപയോഗിക്കുന്നതിനിടെ അപകടങ്ങൾ സംഭവിക്കുന്നപക്ഷം ആയതും, അഗ്നി നിമിത്തമുണ്ടാകുന്ന അപകടങ്ങൾക്കും കുത്തകക്കാരൻ മാത്രമായിരിക്കും ഉത്തരവാദി. ഇതു സംബന്ധിച്ച എല്ലാ നിയമപരമായ നടപടികൾക്കും കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും.

## VII. ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, കടകൾ, ഫോട്ടോസ്റ്റുഡിയോകൾ എന്നിവ കെട്ടുന്നതു സംബന്ധിച്ചും നടത്തുന്നത് സംബന്ധിച്ചുമുള്ള നിബന്ധനകൾ -

1) ശബരിമലയിലും പമ്പയിലും നിലയ്ക്കലും ഭക്ഷണശാലകൾ നടത്തുന്നതിനുള്ള കുത്തക അവകാശം ഏറ്റെടുത്ത കരാറുകാർ ഗ്യാസ് സിലിണ്ടറുകൾ യാതൊരു കാരണവശാലും കെട്ടിടത്തിനിള്ളിലോ, താൽക്കാലിക ഷെഡിനുള്ളിലോ വച്ച് ഉപയോഗിക്കുവാൻ പാടുള്ളതല്ല. ടി സിലിണ്ടറുകൾ കെട്ടിടത്തിന് / താൽക്കാലിക ഷെഡിന് വെളിയിൽ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിയ ശേഷം അവടെ നിന്നും പൈപ്പ് വഴി (സീരിയൽ കണക്ഷൻ ആയി) അടുക്കളയിലെത്തിച്ച് പാചക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

2) ശബരിമലയിലും പമ്പയിലും നിലയ്ക്കലും ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, ഫോട്ടോസ്റ്റുഡിയോകൾ, മറ്റുകടകൾ എന്നിവ കെട്ടുന്നതിന് ഡിപ്പാർട്ട് മെന്റിൽനിന്നും നിശ്ചയിച്ച് കുറ്റിയടിച്ചിട്ടുള്ള പ്രകാരം അതാത് സ്ഥലങ്ങളിലെ ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ കൂടുതൽ സ്ഥലം ഉപയോഗിക്കാൻ പാടില്ലാത്തതും ടി സ്ഥലങ്ങളിൽ ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, കടകൾ എന്നിവ കെട്ടേണ്ടത് ദേവസ്വം കമ്മീഷണർ അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കേണ്ടതും, മുൻകൂട്ടി അനുവാദം വാങ്ങിയ ശേഷം ആയിരിക്കേണ്ടതുമാണ്. ഭക്ഷണശാല,ലഘു ഭക്ഷണശാല എന്നിവ ഒഴിച്ചുള്ള സ്റ്റാളുകളിൽ കാപ്പി, ചായ, മറ്റ് ഭക്ഷണപദാർത്ഥങ്ങൾഎന്നിവ കച്ചവടം നടത്തുവാൻ പാടുള്ളതല്ല.ഭക്ഷണശാലകൾക്കുള്ളിൽ**3 m X 3 m** അളവിൽ ഒരു സ്റ്റാൾ മാത്രം നടത്താവുന്നതാണ്. ഭക്ഷണശാലകളിലും, കാപ്പികടകളിലും, ഫോട്ടോസ്റ്റുഡിയോകളിലും, മറ്റു കടകളിലും തട്ടുകൾ സ്ഥാപിച്ചോ മറ്റുവിധത്തിലോ അയ്യപ്പൻമാർക്ക് വിരിവയ്ക്കുവാൻ അനുവദിക്കുവാൻപാടില്ലാത്തതാണ്.

3) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, ഫോട്ടോസ്റ്റുഡിയോകൾ, കടകൾ എന്നിവ കെട്ടി നടത്തുന്നതിന് ദേവസ്വം ബോർഡും, ഫയർഫോഴ്സ് അധികൃതരുമായും ചർച്ച ചെയ്ത് ഉണ്ടാക്കിയിട്ടുള്ള നിബന്ധനകൾക്ക് പൂർണ്ണമായി വിധേയമായിരിക്കേണ്ടതും, ഇലക്ട്രിസിറ്റി ബോർഡ്, ഫയർഫോഴ്സ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ എന്നിവർ തരുന്ന നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനുമാണ്.

4) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, കടകൾ, ഫോട്ടോ സ്റ്റുഡിയോകൾ, മറ്റു കടകൾ എന്നിവയ്ക്ക് കെട്ടുന്ന ഷെഡ്ഡുകൾ ജി. ഐ. ഷീറ്റ് മേഞ്ഞിരിക്കേണ്ടതും, ഷെഡ്ഡുകൾക്ക് ചുറ്റും തറ ലെവലിൽ നിന്നും കുറഞ്ഞത് മൂന്നു മീറ്റർ ഉയരത്തിൽ തീ പിടിക്കാൻ സാദ്ധ്യതയില്ലാത്ത എ. സി. ഷീറ്റോ, ജി. ഐ. ഷീറ്റോ കൊണ്ടു മാത്രം മറവ് ചെയ്യേണ്ടതുമാണ്. ടി ഹോട്ടലുകൾ, കാപ്പികടകൾ, ഫോട്ടോസ്റ്റുഡിയോകൾ, മറ്റുകടകൾ എന്നിവ ഒരു നിലയിൽ മാത്രം നിർമ്മിക്കേണ്ടതും കൂരയുടെ പൊക്കം അഞ്ച് മീറ്റർ കൂറയാനും പതിമൂന്നു മീറ്ററിൽ കവിയുവാനും പാടില്ലാത്തതാണ്. കൂരയുടെ താഴേയറ്റം തറ ലെവലിൽനിന്നും മൂന്നു മീറ്റർ കവിയാൻ പാടുള്ളതല്ല.

5) ഭക്ഷണശാലകൾക്കും, ലഘുഭക്ഷണശാലകൾക്കും, ഫോട്ടോസ്റ്റുഡിയോകൾക്കും മറ്റും ഇടയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള വിധം ഒഴിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ കുത്തകക്കാർ ആരുംതന്നെ ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലാത്തതും ആസ്ഥലങ്ങൾ നിർബന്ധമായും എപ്പോഴും വൃത്തിയാക്കി ഒഴിച്ചിടുന്നതിന് കുത്തകക്കാർ ശ്രദ്ധിക്കേണ്ടതുമാണ്.

6) ഹോട്ടലുകൾ ലഘുഭക്ഷണശാലകൾ എന്നിവയിൽ പാചകത്തിന് വിറക് യതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല. പകരം എൽ.പി.ജി., മണ്ണെണ്ണ എന്നിവ പാചക ആവശ്യത്തിന് ഉപയോഗിക്കേണ്ടതാണ്.

7) കടകളിലും ഷെഡ്ഡുകളിലും പാചക ആവശ്യത്തിനുപയോഗിക്കുന്ന ഇന്ധനങ്ങൾ, ബന്ധപ്പെട്ട സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിച്ച് സുരക്ഷിതമായി പ്രത്യേക സ്ഥലത്തു സൂക്ഷിക്കേണ്ടതാണ്.

8) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, സ്റ്റുഡിയോകൾ എന്നിവയിൽ ഓരോന്നിനും ആവശ്യമായ ഫയർ എക്സറ്റിംഗ്യൂഷറുകൾ (**DCP- 6 Kg.**), ഫയർ അലാറം, മണ്ണും വെള്ളവും നിറച്ച് ആവശ്യമായ ഫയർബക്കറ്റുകളും അതാതു കുത്തകക്കാരുടെ/ടെന്ററുകാരുടെ ചെലവിൽ സൂക്ഷിക്കേണ്ടതാണ്. ഈ സംവിധാനങ്ങൾ ഫയർഫോഴ്സ് അധികൃതരുടെ കൂടെക്കൂടെയുള്ള പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, ഇതിന് വീഴ്ച വരുത്തുകയോ ഈ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുകയോ ചെയ്യുന്നുണ്ടെന്ന് കാണുന്ന കുത്തകക്കാരുടെ വ്യാപാരം തടയുന്നതിന് ഫയർ ഫോഴ്സ് അധികൃതർക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും, അതിൽവച്ചുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

9) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, കടകൾ, ഫോട്ടോസ്റ്റുഡിയോകൾ എന്നിവയ്ക്ക് നടത്തുന്ന ഇലക്ട്രിക്ക് വയറിംഗ്, ഷോർട്ട് സർക്യൂട്ട് തുടങ്ങിയവ അപകടങ്ങൾ ഉണ്ടാകാത്ത വിധത്തിൽ കുറ്റമറ്റ സാധനങ്ങൾ ഉപയോഗിച്ചും ഇലക്ട്രിസിറ്റി അധികൃതരുടെയും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെയും നിർദ്ദേശാനുസരണം ആയിരിക്കേണ്ടതുമാണ്.

10) പായ്ക്കറ്റുകളിൽ വിൽക്കുന്ന ആഹാരസാധനങ്ങളുടെ വിലയും തൂക്കവും പായ്ക്കറ്റിനു പുറത്ത് കാണത്തക്കവിധത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

11) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ എന്നിവ നടത്തുന്ന കുത്തകക്കാർ അവർ വിൽക്കുന്ന സാധനങ്ങളുടെ വില വിവരപ്പട്ടികയും, കടകളുടെ നമ്പരും കുത്തകക്കാരുടെ പൂർണ്ണമായ പേരും, മേൽവിലാസവും പ്രത്യേകം എഴുതി അയ്യപ്പൻമാർക്കും പരിശോധന ഉദ്യോഗസ്ഥന്മാർക്കും കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതുമാണ്.

12) കടകളും മറ്റും കെട്ടുന്നതിന് ഓല, കാട്ടില, പുല്ല് എന്നിവ ഉപയോഗിച്ചാൽ അഗ്നിബാധ ഉണ്ടാകുമെന്നുള്ളതിനാൽ അവയുടെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുള്ളതാണ്.

13). പമ്പയിലുള്ള സ്റ്റാളുകൾ, മറ്റുകടകൾ എന്നിവയിൽ കെട്ടുനിറ സാധനങ്ങളും ഇരുമുടിയും വിൽപ്പന നടത്തുവാൻ പാടില്ലാത്തതാണ്.

14) ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ എന്നിവയുടെ കുത്തക ലഭിച്ചവർ ബയോഡിഗ്രേഡബിൾ ഇൻസിനറബിൽ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് പ്രത്യേകം പ്രത്യേകം ബിന്നുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ സ്ഥാപിക്കേണ്ടതാണ്.

15) നിലയ്ക്കലിലെ ഭക്ഷണശാലകൾ, ലഘുഭക്ഷണശാലകൾ, മറ്റ് കടകളിലെ മലിനജലങ്ങൾ സ്വന്തം ചെലവിൽ ടാങ്കിൽ ശേഖരിക്കേണ്ടതും സമയാസമയങ്ങളിൽ തൊട്ടടുത്തുള്ള ഡിപ്പാർട്ട്മെന്റ് സംഭരണ ടാങ്കിലേയ്ക്ക് കാരാറുകാരന്റെ സ്വന്തം ചെലവിൽ പമ്പ് ചെയ്യേണ്ടതാണ്. അല്ലെങ്കിൽ നിലയ്ക്കലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കേണ്ടതാണ്. ശേഖരിക്കാനായി ഉപയോഗിക്കുന്ന ടാങ്കുകൾ ഭക്തർക്കോ മറ്റ് മൃഗാദികൾക്കോ അപകടം ഉണ്ടാക്കാത്ത വിധത്തിൽ കൃത്യമായും മൂടേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആയത് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## <u>VIII വിരി</u>

1) പിൽഗ്രിം ഷെൽട്ടറുകൾ, ക്ലോക്ക് റൂം, വിരിഷെഡ്ഡുകൾ എന്നിവ ടെന്ററിൽ ഏറ്റെടുക്കുന്ന കുത്തകക്കാരൻ വിരി വെയ്ക്കുന്നതിന് വാടക ഈടാക്കുമ്പോൾ ഓരോ ഉപഭോക്താവിനും പ്രത്യേകം രസീത് നൽകേണ്ടതാണ്. ഇരുപത്തിനാല് മണിക്കൂർ നേരത്തേക്ക് മുപ്പത്(30/-)രൂപയിൽ കൂടുതൽ ഒരാളിൽനിന്നും ഈടാക്കുവാൻ പാടുള്ളതല്ല.

2) വിരിഷെഡ്ഡുകളിൽ യാതൊരുവിധ വ്യാപാരങ്ങളും അനുവദിക്കുന്നതല്ല. കൂടാതെ അയ്യപ്പന്മാരോ, മറ്റുള്ളവരോ വിറകോ സ്റ്റൗവോ, ഗ്യാസോ ഉപയോഗിച്ച് ആഹാര സാധനങ്ങളും മറ്റും പാചകം ചെയ്യുന്നതിന് അനുവദിക്കുവാൻ പാടില്ല. പിൽഗ്രിം ഷെൽട്ടറുകളിൽ കുത്തകക്കാരന്റെ ചെലവിൽ ഫയർ എസ്റ്റിങ്ങ്ഗ്യൂഷർ സ്ഥാപിക്കേണ്ടതാണ്.

3) വിരിഷെഡ്ഡുകൾ അയ്യപ്പന്മാർക്ക് മാത്രം വാടകയ്ക്കു നൽകേണ്ടതും, ദുരുപയോഗം ഒഴിവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിലേക്ക് ദേവസ്വം ബോർഡിൽ സ്പെഷ്യൽ ഡ്യൂട്ടിക്കാരെ/എക്സ് സർവ്വീസുകാരെ നിയോഗിക്കുന്നതും, ഇവരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് കോൺട്രാക്ടർ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

4) പിൽഗ്രിം ഷെൽട്ടറുകൾ ലേലത്തിൽ/ടെന്ററിൽ ഏറ്റെടുക്കുന്ന കുത്തകക്കാരൻ ഷെൽട്ടർ ഒന്നിന് 20,000/- രൂപാക്രമം സെക്യൂരിറ്റി അടയ്ക്കേണ്ടതും, കാലാവധി തീരുന്ന മുറയ്ക്ക് ഷെൽട്ടറുകൾ പൂർവ്വസ്ഥിതിയിൽ ബോദ്ധ്യപ്പെടുത്തിയതിനു ശേഷം മാത്രം തുക തിരികെ നൽകുന്നതുമാണ്.

## <u>IX എസ്.റ്റി.ഡി. ബൂത്ത് നടത്തുന്നതിനുള്ള അവകാശം</u>

1) ശബരിമലയിലും പമ്പയിലും എസ്.റ്റി.ഡി ബൂത്ത് നടത്തുന്നതിലേയ്ക്ക് ടെന്റർ കേൾക്കുന്ന ആൾ ടെന്റർ തുക മൊത്തമായി അപ്പോൾതന്നെ ലേലഹാളിൽ അടച്ച് മുറപ്രകാരമുള്ള രസീത് വാങ്ങിക്കേണ്ടതാണ്.

2) ആയതിന് വീഴ്ച വരുത്തുന്നതായാൽ കുത്തകക്കാരൻ അടച്ചു തീർത്ത തുക ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽകൂട്ടി തൊട്ടടുത്തുള്ള തുകയ്ക്ക് വിളി കേട്ടിട്ടുള്ള/ടെന്റർ സമർപ്പിച്ചിട്ടുള്ള ആളിന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതിനോ ആവർത്തന ലേലം നടത്തിക്കുന്നതിനോ ഡിപ്പാർട്ടുമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3) എസ്.റ്റി.ഡി. ബൂത്തുകൾ നടത്തുന്നതിനുള്ള അനുവാദം ലേലക്കാരൻ ബന്ധപ്പെട്ട ടെലികോം അധികാരികളിൽനിന്നും സ്വന്തം ഉത്തരവാദിത്വത്തിൽ വാങ്ങേണ്ടതാണ്. എസ്.റ്റി.ഡി. ബൂത്തുകളിലെല്ലാം തന്നെ നിർബന്ധമായും കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് സിസ്റ്റം ഉണ്ടായിരിക്കേണ്ടതാണ്.

4) ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ മറ്റേതെങ്കിലും പരാതിക്കിടവരുത്തുകയോ ചെയ്താൽ കുത്തക റദ്ദ് ചെയ്യാൻ ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ റദ്ദ് ചെയ്താൽ കുത്തകക്കാരന് നഷ്ടപരിഹാരം ആവശ്യപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല.

5) ശബരിമലയിലും പമ്പാ മണൽപ്പുറം പ്ലാനിൽ ഉൾപ്പെട്ട പ്രദേശങ്ങളിലും ഉളളതല്ലാതെ പമ്പാ ശബരിമല പാതയോരത്ത് പ്രത്യേകം അടയാളപ്പെടുത്തിയ കടകളിൽ ഉളളവ അതിനോടൊന്നിച്ചായിരിക്കുന്നതാണ്. (പ്രത്യേകം ലേലമില്ല).

6) എസ്.റ്റി.ഡി. ബൂത്ത് കരാർ എടുക്കുന്നവർ സ്വന്തം ചെലവിൽ ശബ്ദം കടക്കാത്ത ക്യാബിൻ നിർബന്ധമായും സ്ഥാപിച്ചിരിക്കേണ്ടതാണ്. ഇവയില്ലാത്ത ബൂത്തുകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല.

7) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ കുത്തകക്കാർക്ക് ആവശ്യമായി വരുന്ന കറണ്ട് ചാർജ്ജ് കുത്തകക്കാർ തന്നെ അടച്ചുകൊള്ളേണ്ടതാണ്.

## X ശരംകുത്തിയിൽ വഴിപാടിനായി ശരം വിൽക്കുന്നതിനുള്ള അവകാശം

1) ശരംകുത്തിയിൽ വഴിപാടിനായി ശരം വിൽക്കുന്നതിനുളള അവകാശം ഏറ്റെടുക്കുന്നയാൾ ഒരിക്കൽ വിറ്റ ശരം യാതൊരു കാരണവശാലും വീണ്ടും വിൽപ്പന നടത്തുവാൻ പാടുളളതല്ല.

2) ശരംകുത്തിയിൽ വഴിപാടിനായി ശരം വിൽക്കുന്നതിനുളള കരാർ എടുക്കുന്നവർ പ്ലാനിൽ മാർക്ക് ചെയ്തിട്ടുളള സ്ഥലത്ത് ഇതിനായി ഒരു സ്റ്റാൾ(നിശ്ചിത അളവിൽ) കെട്ടി ശരവും, കച്ചചരടും വിൽപ്പന നടത്താവുന്നതാണ്.

3) ഈ സ്റ്റാളിൽ മേൽപ്പറഞ്ഞവയല്ലാതെ മറ്റൊന്നും വിൽപ്പനയ്ക്കായി സൂക്ഷിക്കുവാനോ പ്രദർശിപ്പിക്കുവാനോ വിൽപ്പന നടത്തുവാനോ പാടില്ല.

4) അയ്യപ്പൻമാർ അർപ്പിക്കുന്ന ശരം കച്ചചരട് മുതലായവ ശേഖരിക്കുവാനോ വീണ്ടും വിൽപ്പന നടത്തുവാനോ പാടില്ല.

5) ഒരു ശരത്തിന്റെ നീളം കുറഞ്ഞത് ഒരടി ഉണ്ടായിരിക്കേണ്ടതും ശരം ഒന്നിന് പത്ത് രൂപയിൽ കൂടുതൽ ഈടാക്കുവാൻ പാടില്ലാത്തതുമാണ്.

6) അപ്പാച്ചിമേട്ടിൽ ഉണ്ടയേറ് വഴിപാട് നടത്തുന്നതിനുള്ള അരിയുണ്ട വിൽപ്പന നടത്തുന്നതിനുള്ള അവകാശം. ഉണ്ട ഒന്നിന് 5/-രൂപയിൽ കൂടുതൽ ഈടാക്കുവാൻ പാടില്ല.

## XI ബുക്ക് സ്റ്റാൾ

1) ശബരിമലയിലും, പമ്പയിലും ബുക്ക് സ്റ്റാളിനായി മാർക്ക് ചെയ്തിട്ടുളള സ്ഥലത്ത് ബുക്ക് സ്റ്റാൾ നടത്തുന്നതിനുളള അവകാശമാണ്.

2) ബുക്ക് സ്റ്റാളിന് ദേവസ്വം ബുക്ക് സ്റ്റാൾ എന്നോ അതിന് സമാനമായപേരിലുള്ള ബോർഡ് വയ്ക്കുവാൻ പാടില്ല.

3) ദേവസ്വം വക പ്രസിദ്ധീകരണങ്ങൾ വല്ലതും ഡിപ്പാർട്ട്മെന്റിൽനിന്നും നേരിട്ട് വിൽപ്പനക്കായി ഏൽപ്പിക്കുന്നെങ്കിൽ മാത്രമേ അവ സ്റ്റോക്ക് ചെയ്യുവാനോ, പ്രദർശിപ്പിക്കുവാനോ, വിൽപ്പന നടത്തുവാനോ പാടുളളൂ.

4) ദേവസ്വം ബോർഡിൽ നിന്നും വിൽപ്പനയ്ക്ക് ഏതെങ്കിലും ഇനം ഏൽപ്പിക്കുന്ന പക്ഷം അത് നിരസിക്കുവാൻ പാടില്ലാത്തതാണ്.

5) അനുവദിച്ച് കിട്ടുന്ന സ്റ്റാളിൽ ദൈവീക പ്രസിദ്ധീകരണങ്ങൾ, ദേവന്മാരുടെ ഫോട്ടോ വച്ച കലണ്ടർ, ലോഹ നിർമ്മിതമല്ലാത്ത പ്രതിമകൾ, ഭക്തി പ്രധാനമായ ആഡിയോ, വീഡിയോ കാസറ്റുകൾ മുതലായവ പ്രദർശിപ്പിക്കുകയും വിൽപ്പന നടത്തുകയും ചെയ്യാവുന്നതാണ്. ആഡിയോ വീഡിയോ കാസറ്റുകൾ മുതലായവ വിൽപ്പന നടത്തുന്ന കടകളിൽ നിന്നും 0.05 ഡെസിബെൽ ശബ്ദത്തിൽ കൂടുതൽ ഉണ്ടാകുവാൻ പാടില്ല.

6) ക്ഷേത്രാചാര സംബന്ധമല്ലാത്ത യാതൊരുവിധ വിൽപ്പനയും പാടില്ലാത്തതാണ്.

7) ദേവസ്വം ബുക്ക് സ്റ്റാളുകളിൽ കൂടി വിൽക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിദ്ധീകരണങ്ങളും ദേവസ്വം വക മറ്റ് പുണ്യപുരാണ ആഡിയോ വീഡിയോ കാസറ്റുകളും ചിത്രങ്ങളും യാതൊരു കാരണവശാലും ശബരിമല, പമ്പ എന്നിവിടങ്ങളിലെ മറ്റ് കടകളിൽ വച്ച് വിൽപ്പന നടത്തുവാൻ പാടില്ലാത്തതാണ്.

8) ശബരിമല, പമ്പ എന്നിവിടങ്ങളിൽ ലേലം ചെയ്തും അല്ലാതെയും നൽകുന്ന കടകളിലും സ്റ്റാളുകളിലും വീഡിയോ പ്രദർശനം കർശനമായി നിരോധിച്ചിട്ടുള്ളതാണ്. എന്നാൽ വീഡിയോ സിഡി വിൽപ്പന നടത്തുവാൻ അനുവദിച്ചിട്ടുള്ള കടകളിൽ മാത്രം ആയത് ചെക്കു ചെയ്ത് നൽകേണ്ടതുള്ളതിനാൽ ടി.വി.സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതു പ്രവർത്തിപ്പിക്കുമ്പോൾ0.05 ഡസിബൽ ശബ്ദത്തിൽ കൂടുതൽ ഉണ്ടാകുവാൻ പാടില്ല.

## XII വഴിപാട്മിച്ചം അരി

ശബരിമല ദേവസ്വം മഹോത്സവങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം യഥാസമയം, വഴിപാട് ആവശ്യം കഴിച്ചുള്ള അരി, കുത്തകക്കാരന്റെ ചെലവിലും ഉത്തരവാദിത്വത്തിലും ശബരിമലയൽ നിന്നും മാറ്റിത്തരേണ്ടതും ടി അരി ശബരിമലയിലോ, പമ്പയിലോ ഉപയോഗിക്കുവാൻ പാടില്ലാത്തതും അപ്പപ്പോൾ ഏറ്റുവാങ്ങുന്ന അരിയുടെ മുഴുവൻ തുകയും ഹാജരാക്കേണ്ടതും ആണ്. അയ്യപ്പന്മാർ സമർപ്പിക്കുന്ന അരി തരം തിരിച്ച് വഴിപാട് ആവശ്യത്തിന് ഉപയോഗിച്ച ശേഷംമിക്സഡ് റൈസ് എന്ന നിലയിൽ ടെന്റർ ചെയ്യുന്നതാണ്. സെക്യൂരിറ്റി തുകയായി മിക്സഡ് റൈസിന് മൂന്ന്ലക്ഷം രൂപാ ലേലഹാളിൽ അടയ്ക്കേണ്ടതാണ്. (കുത്തക ഏൽക്കുന്ന കുത്തകക്കാരൻ/ടെന്റർകാരൻ) കുത്തക അംഗീകരിച്ച് പത്ത്ദിവസത്തിനകം മിക്സഡ് റൈസിന് അഞ്ച് ലക്ഷം രൂപയുടെയും ബാങ്ക് ഗ്യാരന്റി ഹാജരാക്കി ശബരിമല എക്സിക്യൂട്ടീവ് ആഫീസുറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. യഥാസമയം അരി നീക്കം ചെയ്യാതെ നശിക്കുവാനിടയാകുന്നപക്ഷം ആയതിന് ഡിപ്പാർട്ടുമെന്റിനുണ്ടാകുന്ന നഷ്ടം ടിയാന്റെ ബാങ്ക് ഗ്യാരന്റി, സെക്യൂരിറ്റി തുകകളിൽ നിന്നും ഈടാക്കുന്നതായിരിക്കും. പ്രസ്തുത ഐറ്റം വീണ്ടും ലേലം ചെയ്തു നൽകുന്നതിന് ഡിപ്പാർട്ട്മെന്റിന് അവകാശമുണ്ടായിരിക്കുന്നതും, ആയതിൻ പ്രകാരമുള്ള നഷ്ടം ആദ്യ കുത്തകക്കാരനിൽനിന്നും ഈടാക്കുന്നതിനും ലാഭം ഉണ്ടാകുന്നപക്ഷം ആദ്യ കുത്തകക്കാരന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

## XIII അവൽ, മഞ്ഞൾപ്പൊടി, മലർ

മാളികപ്പുറത്തും ഭണ്ഡാരത്തിലും, വെള്ള സ്റ്റോറിലും വരുന്ന മഞ്ഞൾപൊടി, അവൽ, മലർ എന്നിവ ദേവസ്വം ആവശ്യംകഴിച്ചു ബാക്കിയുള്ളവ അപ്പപ്പോൾ ദേവസ്വം

ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കുത്തകക്കാരന്റെ ചെലവിലും ചുമതലയിലും ഏറ്റുവാങ്ങിക്കൊള്ളേണ്ടതാണ്. പ്രസ്തുത ഇനങ്ങൾ ശബരിമലയിലും പമ്പയിലും ഉപയോഗിക്കാൻ പാടില്ലാത്തതുമാകുന്നു.

## XIV തുണിസഞ്ചി

തുണിസഞ്ചി 1 ½ അടി നീളം 1 അടി വീതി അളവിലുള്ളതായിരിക്കണം. ഒരു സഞ്ചിക്ക് പതിനഞ്ച് (15) രൂപയിൽ കൂടുതൽ വില ഈടാക്കുവാൻ പാടില്ലാത്തതാകുന്നു. അപ്പം, അരവണ, പ്രസാദവിതരണ കൗണ്ടറുകൾക്ക് മുൻവശത്തുമാത്രമേ കൊണ്ടുനടന്നു വിൽപ്പന നടത്തുവാൻ പാടുള്ളൂ. സഞ്ചികളിൽ വില പ്രിന്റു ചെയ്തിരിക്കേണ്ടതാണ്.

## XV ഐഡന്റിറ്റി കാർഡ്

കുത്തകയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകാരും അവർ നിയോഗിക്കുന്ന തൊഴിലാളികളും ദേവസ്വം ബോർഡിൽ നിന്ന് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് വാങ്ങിയിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഐഡന്റിറ്റി കാർഡ് കൈവശമില്ലാത്ത ആരേയും ഭക്ഷണശാലകളിലോ കടകളിലോ തങ്ങുന്നതിനോ, ശബരിമലയിലോ പരിസര പ്രദേശങ്ങളിലോ കടക്കുന്നതിനോ അനുവദിക്കുന്നതല്ല. കുത്തകക്കാർ ഏർപ്പെടുത്തുന്ന ജോലിക്കാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് ഉപയോഗത്തിലില്ലാത്ത അവസരത്തിൽ തിരിച്ച് ഏൽപ്പിക്കേണ്ടതും, യാതൊരു കാരണവശാലും തിരിച്ചറിയൽ കാർഡ് കൈമാറ്റം ചെയ്യുവാനോ, ദുരുപയോഗം ചെയ്യുവാനോ പാടില്ലാത്തതുമാകുന്നു.

## XVI ഹെൽത്ത് കാർഡ്

കുത്തകയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകാരും അവർ നിയോഗിക്കുന്ന തൊഴിലാളികളും അതാതു പ്രദേശത്തെ ഹെൽത്ത് സെന്ററുകളിൽ നിന്നും ഹെൽത്ത് കാർഡ് നിർബന്ധമായും വാങ്ങി ഹാജരാക്കണം. കൂടാതെ കുത്തകയുമായി ബന്ധപ്പെട്ട എല്ലാവരും ആരോഗ്യസുരക്ഷ ഉറപ്പാക്കേണ്ടതാണ്.

## XVII കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും കുത്തക

കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും കുത്തകകളിൽ ഏർപ്പെടുന്ന കരാറുകാർ കൗണ്ടറുകളിൽ ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, സോപ്പ്, എണ്ണ, ടൗവ്വൽ തുടങ്ങിയവയുൾപ്പെടെ യാതൊരുവിധ സാധനങ്ങളും വിൽക്കുവാൻ പാടില്ല. ടി ലേലവ്യവസ്ഥയും/പൊതുനിബന്ധനയും ലംഘിക്കുന്ന കുത്തകക്കാരന്റെ കുത്തക റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിലയ്ക്കൽ ടോയിലറ്റ് ബ്ലോക്കുകളിലും ഹോട്ടലുകളിലും ലഭ്യതയ്ക്ക് അനുസരിച്ച് മാത്രമേ വെള്ളം കിട്ടുകയുള്ളൂ. വെള്ളം കുറവുവരുമ്പോൾ സ്വന്തമായി കുത്തകക്കാരൻ വെള്ളം ശേഖരിക്കേണ്ടതുമാണ്.

## XVIII ശബരി ഗസ്റ്റ്ഹൗസിലെ ഭക്ഷണശാല

വെള്ളം, വൈദ്യുതി എന്നിവയുടെ ചാർജ്ജുകൾ കുത്തകക്കാരൻ അടയ്ക്കേണ്ടതും ആവശ്യമായ ഫർണിച്ചറുകൾ സൗകര്യപ്പെടുത്തികൊള്ളേണ്ടതുമാണ്. മണ്ഡലം-മകരവിളക്ക്, മേടവിഷു, ഉത്സവം, മാസപൂജ തുടങ്ങി നട തുറന്നിരിക്കുന്ന മറ്റ് പൂജാദിവസങ്ങളിലും ഭക്ഷണശാല പ്രവർത്തിപ്പിക്കേണ്ടതും, ഇത് സംബന്ധിച്ച് ഗവൺ മെന്റിലേക്കോ മറ്റ് ഇതര ഏജൻസികളിലേയ്ക്കോ നികുതിയോ മറ്റോ അടയ്ക്കേണ്ടതുണ്ടെ

ങ്കിൽ കുത്തകക്കാരൻ വഹിക്കേണ്ടതാണ്. ബിൽഡിംഗ് സെക്യൂരിറ്റി ഇനത്തിൽ 1,00,000/- രൂപയും, ക്ലീനിംഗ് സെക്യൂരിറ്റി 1,00,000/- രൂപയും കുത്തകക്കാരൻ ലേലഹാളിൽ ഒടുക്കേണ്ടതാണ്. ടി കെട്ടിടത്തിൽ ഡിപ്പാർട്ട്മെന്റ് അനുമതി കൂടാതെ യാതൊരു നിർമ്മാണ പ്രവർത്തനവും പാടില്ല.

## XIX കരി എടുക്കുന്നതിനുള്ള അവകാശം

ആഴിയിൽനിന്നും കരി നീക്കം ചെയ്യുന്നതിന് കുത്തക ഏൽക്കുന്ന ആൾ കരി വാരിയിട്ടിരിക്കുന്ന സ്ഥലത്തുനിന്നും സ്വന്തം ചെലവിൽ ആയത് നീക്കം ചെയ്യേണ്ട താണ്.

## XX സ്റ്റാൾ

പെർമനന്റ്, സെമി പെർമനെന്റ് ബിൽഡിംഗുകളിൽ സ്റ്റാളുകൾ നടത്തുവാനാവശ്യമായ എല്ലാ ഒരുക്കങ്ങളും (പാർട്ടീഷൻ ഉൾപ്പെടെ) ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കുത്തകക്കാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്. എസ്.റ്റി.ഡി. സൗകര്യമുള്ള സ്റ്റാളുകൾക്ക് എസ്.റ്റി.ഡി. ബൂത്തുകളുടെ നിബന്ധന കൂടി ബാധകമായിരിക്കും.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വിൽപ്പന നിരോധിച്ചതിൻ പ്രകാരം സ്റ്റാളുകളിൽ പഴവർഗ്ഗങ്ങൾ, ശീതള പാനീയങ്ങൾ, തോർത്ത്, മുണ്ട്, ബർമുട, ബനിയൻ, പേസ്റ്റ്, ബ്രഷ്, സോപ്പ്, കണ്ണാടി, ഫോട്ടോകൾ, ബിസ്ക്കറ്റ്, സ്റ്റീൽപാത്രങ്ങൾ, ബേക്കറി ഐറ്റങ്ങൾ, പ്രൊവിഷൻ, പച്ചക്കറികൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, പേപ്പർ കപ്പ്, ഗ്ലാസ്, കോർക്കറി ഐറ്റങ്ങൾ തുടങ്ങിയവ വിൽപ്പന നടത്താവുന്നതാണ്.

## XXI ഇളനീർ സ്റ്റാൾ

ഇളനീർ വിൽപ്പന സ്റ്റാളുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഇളനീരിന്റെ അവശിഷ്ടങ്ങൾ ഫോറസ്റ്റുകാർ നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് അപ്പോഴപ്പോൾ നീക്കം ചെയ്യേണ്ടതാണ്. ഇളനീർ ഒന്നിന് ഇനവ്യത്യാസം കൂടാതെ നാൽപത് രൂപയിൽ കൂടുതൽ ഈടാക്കുവാൻ പാടില്ലാത്തതാണ്.

## XXII വെഹിക്കിൾ വർക്ക് ഷോപ്പ്

വാഹനങ്ങളുമായി ബന്ധപ്പെട്ട എല്ലാത്തരം വർക്കുകളും ഗ്രീസിംഗ്, പാർട്സ് വിൽപനയും ഉൾപ്പെടെ, ടയർ പഞ്ചർ വർക്കുകളും വിൽപ്പനയും പാടില്ല.

## XXIII ടയർ റിപ്പയറിംഗ് ആൻഡ് സെയിൽസ് ഷോപ്പ്

വാഹനങ്ങളുടെ ടയറുമായി ബന്ധപ്പെട്ട എല്ലാത്തരം വർക്കുകളുംറിപ്പയിറിംഗും ടയർ, ട്യൂബ് വിൽപ്പനയും.ടയർ പഞ്ചർ സംവിധാനം നിർബന്ധമായും ഉണ്ടായിരിക്കണം.

## XIVകാഷ്യൂ സെയിൽസ് ഷോപ്പ്

ക്യാഷ്യുനെട്ട്സുമായിബന്ധപ്പെട്ട ഐറ്റങ്ങൾ മാത്രമെ വിൽപ്പന നടത്തുവാൻ പാടുള്ളു.

## XV പാർക്കിംഗ് ഫീസ്

(1) നിലയ്ക്കൽ പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽനിന്ന് പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുളള അവകാശം. ഓരോ പാർക്കിംഗ് ഗ്രൗണ്ടിലേക്കുമുളള അവകാശം പ്രത്യേകം പ്രത്യേകം ടെന്റർ ചെയ്യുന്നതാണ്.

(2) ചുവടെ വിവരിക്കുന്ന നിരക്കുകളിൽ 24 മണിക്കൂർ ക്രമം പാർക്കിംഗ് ഫീ പിരിക്കാവുന്നതാണ്.

- **ബസ് : 100/ രൂപ 26 പാസഞ്ചർ സീറ്റോ അതിലധികമോ ഉളളവ**
- **മിനി ബസ് : 75/- രൂപ 15 പാസഞ്ചർ സീറ്റ് മുതൽ 25 പാസഞ്ചർ സീറ്റുവരെ**
- **4 വീലർ : 50/- രൂപ 5 പാസഞ്ചർ സീറ്റ് മുതൽ 14 പാസഞ്ചർ സീറ്റുവരെ**
- **മിനി കാർ : 30/ രൂപ 4 പാസഞ്ചർ സീറ്റുവരെ**
- **ത്രീ വീലർ : 15/ രൂപ**

(3) സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ, ഗവൺമെന്റ്/പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും, ബോർഡ് അധികാരപ്പെടുത്തുന്നതുമായ വാഹനങ്ങൾ പാർക്കിംഗ് ഫീ നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(4)താത്ക്കാലികമായി ഷെഡ് നിർമ്മിക്കുന്നതിന് വനംവകുപ്പിന്റേയും, തദ്ദേശ സ്വയംഭരണ വകുപ്പു സ്ഥാപനങ്ങളുടേയും അനുമതിയോടെ കുത്തകക്കാരന് അനുവാദം നൽകുന്നതാണ്.

(5)പാർക്കിംഗ് ഏരിയായിൽവച്ചു മാത്രമേ പാർക്കിംങ് ഫീ പിരിക്കുവാൻ പാടുളളൂ. യാതൊരു കാരണവശാലും ബോർഡ് നിശ്ചയിച്ചിട്ടുളള നിരക്കുകളിലും അധികമായി ഫീസ് ഈടാക്കുവാൻ പാടുളളതല്ല.

(6) ആദായ നികുതി നിയമപ്രകാരം കരാറുകാരൻ കരാർ തുകയുടെ 1 % ടി.ഡി. എസ് ഇനത്തിൽ ആദായനികുതി വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതും ടി തുക ഒടുക്കുവരുത്തുന്ന മുറയ്ക്ക് മാത്രമേ കരാറുകാരന് കുത്തക സർട്ടിഫിക്കറ്റ് നൽകുകയുള്ളു.ടി കുത്തക സംബന്ധിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തരത്തിലുളള നികുതികൾ ഒടുക്കു വരുത്തേണ്ട പക്ഷം ആയത് കുത്തകകാരന്റെ മാത്രം ബാധ്യതയായിരിക്കും.

(7) പാർക്കിംഗ് ഫീ സംബന്ധിച്ച് കൂപ്പണുകൾ കുത്തകക്കാരൻ സ്വന്തം ചിലവിൽ അച്ചടിച്ച് നൽകേണ്ടതാണ്.

(8) പാർക്കിംഗ് ഏരിയയിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് മതിയായ സംരക്ഷണം നൽകുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്.

## XV പഴവർഗ്ഗങ്ങൾ, ശീതളപാനീയങ്ങൾ എന്നിവ ഡിപ്പാർട്ട്മെന്റ് അനുവദിക്കുന്ന സ്ഥലത്ത് സംഭരിച്ച്, വിതരണം ചെയ്യുന്നതിനുളള അവകാശം.

ശബരിമല, പമ്പ എന്നിവിടങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് കുത്തക ലേലത്തിലൂടെ അനുവദിച്ച് നൽകുന്ന ഹോട്ടലുകൾ, സ്റ്റാളുകൾ, ലഘുഭക്ഷണശാലകൾ എന്നിവിടങ്ങളിൽ വിൽപ്പനയ്ക്ക് ആവശ്യമായ പഴവർഗ്ഗങ്ങളും(ഏത്തപ്പഴം, ചെറുപഴങ്ങൾ, തണ്ണിമത്തൻ, മൊസാമ്പി, ഓറഞ്ച്, കുക്കുമ്പർ, ക്യാരറ്റ്, ചെറുനാരങ്ങ എന്നിവ മാത്രം)വിൽപ്പനയ്ക്ക് ആവശ്യമായ ഗ്ലാസ്സ് ബോട്ടിലുകളിലും, ടെക്ട്രാ പായ്ക്കറ്റുകളിലും നിറച്ച ശീതള പാനീയങ്ങൾ (പ്ലാസ്റ്റിക് പെറ്റ് ബോട്ടിലിൽ നിറച്ച പാനീയങ്ങൾ വിൽപ്പന നടത്തുവൻ പാടിലാത്തതും കൂടാതെ സംഭരിച്ച് വിതരണത്തിനായി ഉപയോഗിക്കുന്ന പാനീയങ്ങൾ ഫുഡ് സേഫ്റ്റിവിഭാഗത്തന്റെ അംഗീകാരമുള്ളതായിരിക്കണം.) ഡിപ്പാർട്ട്മെന്റിൽനിന്നും നിശ്ചയിച്ച് അനുവദിച്ച് നൽകുന്ന സ്ഥലത്ത് സംഭരിച്ച് വിതരണം ചെയ്യാവുന്നതാണ്.

1. **ശബരിമല മഹോത്സവങ്ങൾ സംബന്ധിച്ച് ജില്ല ഭരണകൂടം നിശ്ചയിച്ച് അനുവദിക്കുന്ന തുകയേക്കാൾ ഉയർന്ന തുകയ്ക്ക് യാതൊരു കാരണവാശാലും വിതരണം നടത്തുവാൻ പാടില്ലാത്തതാണ്.**

2. ദേവസ്വം ഉദ്യോഗസ്ഥരുടെയും ഭക്ഷ്യസുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരുടെയും ഫോറസ്റ്റ് വിഭാഗം ഉദ്യോഗസ്ഥരുടെയും മറ്റ് ഇതര ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.
3. കുത്തക ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പഴവർഗ്ഗങ്ങൾഅല്ലാതെവന്യജീവികളെ ആകർഷിക്കത്തക്കവിധത്തിലുള്ള മറ്റ് പഴവർഗ്ഗങ്ങൾ യാതൊന്നും സംഭരിക്കുവാൻ പാടില്ല.
4. സ്വാമി അയ്യപ്പൻ റോഡ് ഉപയോഗിക്കുന്നതിന് ബോർഡ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.
5. തൃപ്തികരമായ രീതിയിൽ കുത്തക അവസാനിച്ചശേഷം നിരതദ്രവ്യവും, സെക്യൂരിറ്റിയും തിരികെ നൽകുന്നതാണ്.
6. സംഭരണശാലയുടെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അവശിഷ്ടങ്ങൾ ഫോറസ്റ്റുകാർ നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് അപ്പോഴപ്പോൾ നീക്കം ചെയ്യേണ്ടതാണ്.സംഭരണശാലയിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും കുത്തകക്കാരന്റെ സ്വന്തം ചെലവിൽ ശേഖരിക്കേണ്ടതും സമയാസമയങ്ങളിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും ഫോറസ്ററ് വിഭാഗം ഉദ്യോഗസ്ഥരുടെയം നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സ്വന്തം ചെലവിൽ ഭക്തർക്കോ മറ്റ് മൃഗാദികൾക്കോ അപകടം ഉണ്ടാക്കാതെ വന്യജീവികളെ ആകർഷിക്കാത്ത വിധത്തിൽ കൃത്യമായും നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
7. സംഭരിച്ച് വിതരണം ചെയ്യുന്ന മേൽ വിവരിച്ച പഴവർഗ്ഗങ്ങളും ശീതളപാനീയങ്ങളും വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശ്ശനമായും പാലിക്കേണ്ടതാണ്.
8. സംഭരണ ശാലയിലേയ്ക്ക് അനുവദനായിമായ പഴവർഗ്ഗങ്ങൾ / ശീതളപാനീയങ്ങള് എന്നിവ കൊണ്ടുവരാൻ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പെർമിറ്റ് മുൻകൂട്ടി ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ നിന്ന് വാങ്ങേണ്ടതാണ്.

| | |
|---|---|
| ടെൻഡറുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി | **23.10.2023 പകൽ 09.00 മണി മുതൽ** |
| ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി | **28.10.2023 പകൽ 05.00 മണി** |
| ടെൻഡർ ടെക്നിക്കൽ ബിഡ് പരിശോധന ആരംഭിക്കുന്ന തീയതി | **30.10.2023 പകൽ 10.00 മണി** |
| ടെൻഡർ ഫിനാൻഷ്യൽ ബിഡ് പരിശോധന ആരംഭിക്കുന്ന തീയതി | **02.11.2023 പകൽ 09.00 മണി മുതൽ (തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനം)** |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ
ശബരിമല

E.O.P .196/23/Saba
Dated:18/10/2023

കുറിപ്പ് ঃ ടെന്റർ സംബന്ധിച്ച വിശദവിവരങ്ങൾ കാണിക്കുന്ന കുത്തക വിവര സ്റ്റേറ്റ്മെന്റ് ,ലേ ഔട്ട് പ്ലാൻ എന്നിവ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ് സൈറ്റായ **www.Travancore devaswom board .org** എന്ന സൈറ്റിൽ നിന്നും ലഭ്യമാണ്.

| ഇ.എം.ഡി തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ | |
|---|---|
| കുത്തകക്കാരന്റെ പേര് | |
| ടെൻഡർ ഐ.ഡി. | |
| ഇ.എം.ഡി. തുക | |
| ബാങ്കിന്റെ പേര് | |
| ശാഖയുടെ പേര് | |
| അക്കൗണ്ട് നമ്പർ | |
| ഐ.എഫ്.എസ്.സി. കോഡ് | |

കുത്തകത്തുക പൂർണ്ണമായി ഒടുക്കുവരുത്തിയിട്ടുള്ളതിനാൽ ഇ.എം.ഡി. തുക തിരികെ നൽകണമെന്ന് അപേക്ഷിക്കുന്നു.

തീയതി അപേക്ഷകന്റെ ഒപ്പ്

ടി അപേക്ഷകന്റെ ഇ.എം.ഡി. തുക തിരികെ നൽകാവുന്നതാണ്.

എക്സിക്യൂട്ടീവ് ആഫീസർ,
തീയതി ശബരിമല

എക്സിക്യൂട്ടീവ് ആഫീസർ,
ശബരിമല